കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പായം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.10/1647/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 10/11/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പായം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പായം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പായം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.10/1647/23 തീയ്യതി: 10/11/2023

കണ്ണൂർ ജില്ലയിലെ പായം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പായം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-10-2022 മുതൽ 08-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 33 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.എ.ആർ.ജിതേന്ദ്രൻ	ഡെപ്യൂട്ടി ഡയറക്ടർ	09-10-2023	18-10-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
09-10-2023	18-10-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലതവാണി.എൻ.എൻ - ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)

ശ്രീ.ആൽബർട്ട് ജോസ് -അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.വനജ മാടത്താൻകണ്ടി - സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ജിജില.ടി -ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.പി.രജനി	പ്രസിഡന്റ്	01-04-2022	31-03-2023
ശ്രീ.തോമസ്.ടി.ഡി	സെക്രട്ടറി	01-04-2022	29-09-2022
ശ്രീമതി. ഷീന കുമാരി പാല	സെക്രട്ടറി-ഇൻ-ചാർജ്ജ്	30-09-2022	02-10-2022
ശ്രീ.വിനോദ്.പി.കെ	സെക്രട്ടറി	03-10-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. രേഖ. കെ. ജെ	കൃഷി ഓഫീസർ	01-04-2022	31-03-2023
ശ്രീ. ബെന്നി ജോസഫ്	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2022	31-03-2023
ശ്രീമതി.ഗീത. കെ.	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2022	31-03-2023
ഡോ.ചെന്നകേശവർ. വി.	മെഡിക്കൽ ഓഫീസർ(ആയുർവേദം)	01-04-2022	31-03-2023
ഡോ.ജെബിൻ അബ്രഹാം	മെഡിക്കൽ ഓഫീസർ(എഫ് എച്ച് സി)	01-04-2022	31-03-2023
ഡോ.നിഷ.പി	മെഡിക്കൽ ഓഫീസർ(ഹോമിയോ)	01-04-2022	31-03-2023
ശ്രീ.അബ്ദുള്ള.കെ.പി	ഹെഡ് മാസ്റ്റർ	01-04-2022	31-03-2023
ഡോ.നവാസ് ഷെറീഫ്	വെറ്റിനറി സർജൻ	01-04-2022	10-02-2023
ഡോ.സിന്ദൂര	വെറ്റിനറി സർജൻ	11-02-2023	31-03-2023
ശ്രീ.മുഹമ്മദ് ഫാരിസ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2022	28-11-2022
ശ്രീമതി.അശ്വതി.കെ.ടി	ഡയറി ഫാം ഇൻസ്ട്രക്ടർ	29-11-2022	03-02-2023
ശ്രീ.സുജിൻ രാജ്	ഡയറി ഫാം ഇൻസ്ട്രക്ടർ	04-02-2023	31-03-2023
ശ്രീ.റിതുൽ രാജ്	അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2022	31-12-2022
ശ്രീമതി.സരിത.കെ.വി	അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-01-2023	31-03-2023

ശ്രീമതി.ഷീന കുമാരി പാല	അസിസ്റ്റന്റ് സെക്രട്ടറി	01-04-2022	01-11-2022
ശ്രീ.സുബാഷ്.എം.ജി	അസിസ്റ്റന്റ് സെക്രട്ടറി	02-11-2022	31-03-2023
ശ്രീ.വിനീഷ് വർഗ്ഗീസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-പായം	01-04-2022	31-03-2023
ശ്രീ.അനീഷ്.കെ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-വിളമന	01-04-2022	04-11-2022
ശ്രീ.രഞ്ജിത്ത് ബാബു.ആർ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-വിളമന	05-11-2022	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൌണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും സമർപ്പിച്ചിട്ടില്ല	1-1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല	1-1-2
4	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-1-3
5	വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല	1-1-4
6	വാർഷീകകണക്കിലെ തുകകളും ഡിമാൻഡ് രജിസ്റ്ററുകളും പൊരുത്തപ്പെടുന്നില്ല	1-1-5
7	ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും ഇവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല	1-1-6
8	സൃഷ്ടിച്ച ആസ്തികൾക്കനുസരിച്ചുള്ള തുകകൾ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല	1-1-7
9	മൂന്ന് മാസത്തിൽ കൂടുതലായ പണമാക്കാത്ത ചെക്കുകൾ സ്റ്റെയിൽ ചെക്കിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-8
10	ആസ്തി ,ഡിപ്രീസിയേഷൻ കാൽക്കുലേഷൻ ഷീറ്റ് ഹാജരാക്കിയിട്ടില്ല	1-1-9
11	രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല	1-1-10
12	ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ശരിയായ കണക്കുകളെ പ്രതിഫലിപ്പിക്കുന്നില്ല	1-1-11
13	ബജറ്റ്	1-2
14	സാമ്പത്തിക വിശകലനം	1-3
15	ഫണ്ട് വിനിയോഗം	1-4
16	പദ്ധതി അവലോകനം	1-5
17	തൊഴിലുറപ്പ് പദ്ധതി	1-6
18	മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ജി.എസ്.ടി, ആദായ നികുതി എന്നിവ ഉറവിടത്തിൽ കുറവ് ചെയ്യുന്നില്ല	1-6-1
19	ക്ഷേമ പദ്ധതികൾ	1-7
20	ക്യാഷ് പരിശോധന	1-8
21	ആഭ്യന്തര നിയന്ത്രണം	1-9
22	ഗ്രാമ സഭ	1-10
23	ഇ -ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് - ₹2,17,177	1-11

	ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല	
24	കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം,വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് അടിസ്ഥാനമാക്കിയുള്ള വസ്തുനികുതി ഈടാക്കുന്നില്ല	1-12
25	മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയില്ല	1-13
26	കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കി	1-14
27	കൂട്ടിചേർക്കലിനായി പെർമിറ്റെടുത്ത കെട്ടിടങ്ങളുടെ നികുതി പുനർനിർണയം നടത്തിയിട്ടില്ല	1-15
28	ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല	1-16
29	സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല	1-17
30	സ്ഥാപനങ്ങളിൽ നിന്നും FTE&OS ലൈസൻസ് ഫീ ഈടാക്കിയില്ല	1-18
31	പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീ ഈടാക്കിയില്ല	1-19
32	ഒഴിഞ്ഞ ടാർ ബാരലിന്റെ വിലയും,ബാരലിന്റെ വിലയുടെ ജി എസ് ടിയും ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ല	1-20
33	പൊതുമരാമത്ത് പ്രവൃത്തികൾക്ക് പൊതുമരാമത്ത് മാന്വൽ അനുശാസിക്കും വിധത്തിലുള്ള മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കിയിട്ടില്ല	1-21
34	ജൽജീവൻ മിഷൻ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉണ്ടായില്ല	1-22
35	പ്രത്യേക കന്നുകുട്ടി പരിപാലനം ₹2,15,588 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല	1-23
36	ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ - മാർഗ്ഗരേഖ പ്രകാരം നടപ്പിലാക്കേണ്ടതാണ്	1-24
37	വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം - ദാരിദ്ര്യ ലഘൂകരണ പദ്ധതി നടപ്പിലായില്ല	1-25
38	ലൈഫ് ഭവന നിർമ്മാണ പദ്ധതി- 2020-21ൽ കരാർ വച്ച വീടുകൾ പൂർത്തീകരിച്ചില്ല	1-26
39	കുടുംബശ്രീ ഹെൽപ്പ് ഡെസ്ക് ജനസേവന കേന്ദ്രം -വൈദ്യുതി ലൈനിലെ തകരാർ പരിഹരിക്കാത്തതിനാൽ പ്രവർത്തനക്ഷമമായില്ല - ചെലവ് തുക 168323 രൂപ തടസ്സപ്പെടുത്തുന്നു.	1-27
40	അപ്രന്റിസ് ട്രെയിനികൾക്ക് സ്റ്റൈപന്റ് - 17403 രൂപ രൂപ തിരികെ ലഭ്യമാക്കേണ്ടതാണ്.	1-28
41	ഐ കെ എം വിഹിതം നൽകൽ- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല – 76660 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-29
42	എസ്.എസ്.എ വിഹിതം നൽകൽ -ഗ്രാമപഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പു വരുത്തുന്നില്ല. ₹10,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-30

43	എ ബി സി പദ്ധതി - ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറൽ- ₹1,00,000 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - 1,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-31
44	സ്മാർട്ട് ഐ-ഫേസ് 1- വിനിയോഗവിവരം ലഭ്യമാക്കിയില്ല –1,77,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-32
45	എം സി എഫിൽ ബെയ്‌ലിംഗ് മെഷീൻ വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ –565000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-33
46	കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞവർക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല, 150000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-34
47	എഫ് എച്ച് സി യിലേക്ക് മരുന്ന് വാങ്ങുന്നതിനുള്ള വിവിധ പ്രോജക്ടുകൾ - മരുന്ന് ലഭ്യമായില്ല – 271834 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.	1-35
48	ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല-₹2,14,845 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-36
49	പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം - രേഖകൾ ലഭ്യമാക്കിയില്ല – 48982 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-37
50	പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം - രേഖകൾ ലഭ്യമാക്കിയില്ല- 50000 രൂപയുടെ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.	1-38
51	ഗവ. എൽ പി സ്കൂൾ ഫർണിച്ചർ രേഖകൾ ലഭ്യമാക്കിയില്ല –70000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-39
52	രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം - രേഖകൾ ലഭ്യമാക്കിയില്ല – 49000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-40
53	ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വാർഷികവരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.	1-41
54	ക്ഷേമ പെൻഷൻ അനുവദിച്ചതിലെ അപാകതകൾ	1-42
55	തനതുവരുമാന വർദ്ധനവ് - അവലോകനം	1-43
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		
1	വാർഷീക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2

3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം	4-4
5	വായ്പ / വായ്പ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	ധനകാര്യ പത്രികകൾ	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പായം ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 11.07.2023 ലെ 72/23 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 12.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പായം ഗ്രാമ പഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പായം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

10.11.2023,
കണ്ണൂർ.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

1-1-1 അക്കൌണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും സമർപ്പിച്ചിട്ടില്ല

1-2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(ഇ) പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ മറ്റ് വെളിപ്പെടുത്തലുകൾ എന്നിവ അക്കൗണ്ടിൻമേലുള്ള കുറിപ്പുകളായി ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ഇവ ഉൾപ്പെടുത്തിയിട്ടില്ല.

2- 2011 ലെ കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 62(F) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

3-2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന

നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് ഇല്ല.

4- തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ ബി-1 ഷെഡ്യൂൾ ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി കാണിച്ച തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

B-11 ഷെഡ്യൂളിൽ പരാമർശിച്ച ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

1-1-4 വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

1-വാർഷിക ധനകാര്യ പത്രികയിലെ വികസനഫണ്ട് ജനറൽ ചെലവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായിപൊരുത്തപ്പെടുന്നില്ല .

2- ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവ്&നീക്കിയിരിപ്പ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സുലേഖ ചെലവ് പത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക ധനകാര്യ പത്രിക ചെലവ്	സുലേഖചെലവ് പത്രിക	വ്യത്യാസം
I-6- 82,03,655 B-3-17,22,998	1,04,91,653	5,65,000
ആകെ 99,26,653	1,04,91,653	5,65,000

3-ഡെപ്പോസിറ്റ് രജിസ്റ്ററിൽ കോൺട്രാക്ടറുടെ റീടെൻഷൻ ഹെഡിൽ രേഖപ്പെടുത്തിയ നീക്കിയിരിപ്പ് തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക ധനകാര്യ പത്രികയിൽ ₹10,20,565-യും ഡെപ്പോസിറ്റ് രജിസ്റ്ററിൽ ₹ 10,97,736 യും ആണ്. ഡെപ്പോസിറ്റ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതിയിട്ടില്ല

4-മുൻകൂർ രജിസ്റ്റർ വാർഷിക ധനകാര്യ പത്രികയുമായി (ഉത്സവ ബത്ത ഒഴികെ)പൊരുത്തപ്പെടുന്നില്ല .സംക്ഷിപ്തം എഴുതിയിട്ടില്ല

5-വായ്പ ലഭിച്ചതിന്റേയും വായ്പ തിരിച്ചടച്ചതിന്റേയും വിവരങ്ങൾ രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയും, വായ്പ തിരിച്ചടവ് പ്രോജക്ട് ചെലവ് എന്നിവയുമായും പൊരുത്തപ്പെടുന്നില്ല .

1-1-5 വാർഷീകകണക്കിലെ തുകകളും ഡിമാൻഡ് രജിസ്റ്ററുകളും പൊരുത്തപ്പെടുന്നില്ല

1-വസ്തു നികുതി : വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാൻഡ് കലക്ഷൻ നീക്കിയിരിപ്പ് സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല.

2-ട്രേഡേഴ്സ് തൊഴിൽ നികുതി, കെട്ടിട നികുതി പെർമ്മിറ്റ് എന്നിവയുടെ രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്താത്തതിനാൽ ഡിമാർഡ് കളക്ഷൻ നീക്കിയിരിപ്പ് പരിശോധിക്കാനായിട്ടില്ല .

1-1-6 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും ഇവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

RP-40(b),B4&B2എന്നിവയിലെ താഴെ പറയുന്ന തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ഇനം	RP-40(b)	B4&B2 ഷെഡ്യൂൾ
T S C	9,06,631	10,18,095 (B4ഷെഡ്യൂൾ)

ധനകാര്യ കമ്മീഷൻ ഗ്രാന്റ് -KGB - 40487101062344	37,71,006	39,05,190 (B4ഷെഡ്യൂൾ)
ഹെൽത്ത് ഗ്രാന്റ് - -KGB - 40487101067996	4,757	1,29,127(B4ഷെഡ്യൂൾ)
ജില്ലാ സഹകരണ ബാങ്ക് - 5439	58,115	55,697(B2 ഷെഡ്യൂൾ)

1-1-7 സൃഷ്ടിച്ച ആസ്തികൾക്കനുസരിച്ചുള്ള തുകകൾ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

1-B3-ഷെഡ്യൂളിലെ കാപ്പിറ്റൽ കോൺട്രിബ്യൂഷനിൽ (Code No-312109901) മുൻവർഷത്തെ തുക തന്നെ ആവർത്തിക്കുന്നു 2-ധനകാര്യ കമ്മീഷൻ അവാർഡ് ₹ 5,65,000 ഉപയോഗിച്ച് നിർമ്മിച്ച എം സി എഫിൽ ബെയിലിംഗ് മെഷീൻ വാങ്ങൽ (പ്രോജക്ട് നം 233/23) പദ്ധതിയുടെ ആസ്തി B3-ഷെഡ്യൂളിലെ കാപ്പിറ്റൽ കോൺട്രിബ്യൂഷനിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-8 മൂന്ന് മാസത്തിൽ കൂടുതലായ പണമാക്കാത്ത ചെക്കുകൾ സ്റ്റെയിൽ ചെക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

കിളിയന്തിറ സർവ്വീസ് സഹകരണ ബാങ്കിൽ (6168) 31.3.2023-ന്റെ റീകൺസിലിയേഷൻ പത്രികയിൽ മൂന്ന് മാസങ്ങൾക്ക് മുൻപേ നൽകിയ ചെക്കുകൾ ഉണ്ട് .

ചെക്ക് നം 0318402 Dt 24.8.2020 - 2750

17742 Dt 15.11.2022 – 27,830

17755 Dt 25.11.2022 – 1,000

17755 Dt 25.11.2022 – 312

ഇവ പണമാക്കുകയോ സ്റ്റെയിൽ ചെക്കിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല . B9ഷെഡ്യൂളിൽ സ്റ്റെയിൽ ചെക്ക് 0 ആണ്. 31.3.2023വരെയുള്ള സ്റ്റെയിൽചെക്കിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

1-1-9 ആസ്തി ,ഡിപ്രീസിയേഷൻ കാൽക്കുലേഷൻ ഷീറ്റ് ഹാജരാക്കിയിട്ടില്ല

1-ആസ്തി, ഡിപ്രീസിയേഷൻ കാൽക്കുലേഷൻ ഷീറ്റ് ഹാജരാക്കിയിട്ടില്ല

2-I-6 ലെ തൊഴിലുറപ്പ് പദ്ധതി ഫണ്ടിൽ ,തൊഴിലുറപ്പ് പദ്ധതി ഫണ്ടിൽ നിന്നും സൃഷ്ടിക്കാത്ത ആസ്തി ചെലവുകളും ഉൾപ്പെട്ടിട്ടുണ്ട്

1-1-10 രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല

1-B4-ൽ രേഖപ്പെടുത്തിയ തുകയ്ക്ക് അനുസൃതമായ ഗ്രാന്റ് രജിസ്റ്റർ പൂർണ്ണ വിവരങ്ങൾ ഉൾപ്പെടുത്തി സൂക്ഷിച്ചിട്ടില്ല .
2-B4-ലെ സ്പെസിഫിക് പർപ്പസ് ഗ്രാന്റിനത്തിൽ തുക രേഖപ്പെടുത്തിയ ചില ഇനങ്ങൾ എന്താണെന്ന് പഷ്ടമാക്കിയിട്ടില്ല ഇതിൽ മുൻ വർഷത്തെ തുകകൾ നീക്കിയിരിപ്പായി ഈ വർഷവും നിലനിൽക്കുന്നുണ്ട്. കൂടാതെ ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതത്തിലും മുൻ വർഷത്തെ തുകകൾ നീക്കിയിരിപ്പായി ഈ വർഷവും നിലനിൽക്കുന്നുണ്ട് ഇവ ഏത് വർഷം ലഭിച്ചതാണെന്നും, വിനിയോഗിക്കാത്തതിന്റെ കാരണവും വ്യക്തമാക്കിയിട്ടില്ല.

1-1-11 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ശരിയായ കണക്കുകളെ പ്രതിഫലിപ്പിക്കുന്നില്ല

എയിംസിൽ അപ് ലോഡ് ചെയ്ത് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ സ്ഥാപനത്തിന്റെ ശരിയായ കണക്കുകളെ പ്രതിഫലിപ്പിക്കുന്നില്ല

1-2 ബജറ്റ്

ബജറ്റ് അംഗീകരിച്ച ഭരണ സമിതിതീരുമാനം നമ്പർ/തീയ്യതി	41/2022(1) Dated 26/03/2022
പുതുക്കിയ ബജറ്റ് അംഗീകരിച്ച തീരുമാനം നമ്പർ , തീയ്യതി	25/2023 Dtd 04/03/2023

ഇനം	ബജറ്റ്	പുതുക്കിയ ബജറ്റ്
മുന്നിരിപ്പ്	3002116	24053973
വരവ്	499519000	438743219
ആകെ	502521116	462797192
ചെലവ്	499086000	458760930
നീക്കിയിരിപ്പ്	3435116	4036262

1-3 സാമ്പത്തിക വിശകലനം

ഇനം	തുക (രൂപ)
മുന്നിരിപ്പ്	2,56,46,582
ഓഡിറ്റ് വർഷത്തെ വരവ്	5,53,51,165
ആകെ	8,09,97,747
ഓഡിറ്റ് വർഷത്തെ ചെലവ്	5,05,69,073
നീക്കിയിരിപ്പ്	3,04,28,674
വരവിനങ്ങളിലെ നഷ്ടം/	ഇല്ല
ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	29,41,644

വികസന ഫണ്ട് ജനറൽ, എസ്.സി.പി, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ് & അൺടൈഡ് (ട്രഷറി), സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത്, ജില്ല പഞ്ചായത്ത് വിഹിതം ഡെപ്പോസിറ്റ്, തൊഴിലുറപ്പ് പദ്ധതി, ക്ഷേമ പെൻഷൻ മുതലായവയുടെ വിവരം റസീറ്റ് & പെയ്മെന്റ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇവ ഉൾപ്പെടാത്താത്തതിനാൽ മേൽ വരവും ചെലവും ഭാഗികമാണ്.

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	അലോട്ട്മെന്റ് ലഭിച്ചത്	ആകെ	ചെലവ്	ലാപ്സ്/ നീക്കിയിരിപ്പ്
വികസന ഫണ്ട് ജനറൽ	0	21449000	21449000	19908241	1540759
വികസന ഫണ്ട് എസ്.സി.പി	0	2645000	2645000	2645000	0
വികസന ഫണ്ട് ടിഎസ് പി	0	1618000	1618000	1618000	0
മെയിന്റനൻസ് റോഡ്	0	11562000	11562000	6424718	5137282
മെയിന്റനൻസ് നോൺ റോഡ്	0	6335000	6335000	6002592	332408
സെൻട്രൽ ഫിനാൻസ് ബാങ്ക്	4499886*	5228000	9727886	5615447	4112439

കമ്മീഷൻ ഗ്രാന്റ് -ടൈഡ്	ട്രഷറി		1878591	1878591	1513876	364715
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -അൺടൈഡ്	ബാങ്ക്	4,77,588*	3485200+ 1,75,046 (22-23ലെ പലിശ)	4137834	3362330	7,75,504
	ട്രഷറി		20345	20345	0	20345
M G N R E GS		0	52040648	52040648	5,20,37,866	2782
ഐസിഡിഎസ്		980498	1858212	2838710	328625	2510085
ടിഎസ് സി		2316481	18065	23,34,546	0	23,34,546
സ്പെസിഫിക് പർപ്പസ് ഗ്രാന്റ്-ഐ ടി ഡി പി,ലൈഫ് ഭവന പദ്ധതി സ്റ്റേറ്റ്ഷെയർ		30,69,510	15,00,000	45,69,510	0	45,69,510
സ്പെസിഫിക് പർപ്പസ് ഗ്രാന്റ്-		71,100	0	71,100	0	71,100
സ്പെസിഫിക് പർപ്പസ് ഗ്രാന്റ്-മറ്റ് ധനകാര്യ സ്ഥാപനങ്ങൾ		566265	0	566265	0	566265
എം പി ഫണ്ട്		3964	0	3964	0	3964
വെൽഫെയർ ബോഡി അഗതി രഹിത കേരളം		1413857	0	1413857	353751	1060106
സ്വച്ച് ഭാരത് അഭിയാൻ			969917	969917	969917	0
ഹെൽത്ത് ഗ്രാന്റ്			405158	405158	273597	131561
മറ്റ് ബാധ്യത		879813	6460	886273	6460	879813
ബെസ്റ്റ് പഞ്ചായത്ത് അവാർഡ്&ക്ഷോണി മിത്ര അവാർഡ്		5,50,000	0	5,50,000	0	5,50,000

*ട്രഷറി മുന്നിരിപ്പ് ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	നടപ്പാക്കിയത് (എണ്ണം)	അടങ്കൽ	പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ	ചെലവ്	പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം
215	168	200610180	132	36	47	78117092	61.39

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം

നിർവ്വഹണ ഉദ്യോഗസ്ഥർ	അടങ്കൽ	പദ്ധതികളുടെ എണ്ണം		ചെലവ്	ശതമാനം
		അടങ്കൽ വച്ച	ചെലവഴിച്ചത്		
സെക്രട്ടറി	31100484	37	28	12067893	38.80
കൃഷി ഓഫീസർ	3245500	11	11	2254879	69.48
അസിസ്റ്റന്റ് എഞ്ചിനീയർ	9,01,98,009	97	65	2,52,16,266	27.95
വെറ്റിനറി സർജൻ	1722500	4	4	1313850	76.27
വി ഇ ഒ	56561800	16	15	21776749	38.5
ഡയറി ഫാം ഇൻസ്ട്രക്ടർ	2500000	3	2	2274790	90.99
അസിസ്റ്റന്റ് ഫീഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	138988	1	1	55572	39.98
ഐ സി ഡി എസ് സൂപ്പർവൈസർ	7053461	10	10	6305101	89.39
മെഡിക്കൽ ഓഫീസർ-ആയുർവേദ	1183000	3	3	1183000	100
മെഡിക്കൽ ഓഫീസർ-സിഎച്ച് സി -	4659959	14	13	4096530	87.91
മെഡിക്കൽ ഓഫീസർ-ഹോമിയോ	300000	1	1	300000	100
അസിസ്റ്റന്റ് സെക്രട്ടറി	1243515	9	8	880498	70.8
ഹെഡ്മാസ്റ്റർ	702964	9	7	391964	55.76
ആകെ	200610180	215	168	78117092	38.95

1-6 തൊഴിലുറപ്പ് പദ്ധതി

എംജിഎൻആർ ഇജിഎസ്	ഭരണ ചെലവ്	0	1146448	1146448	1143666	2782
	തൊഴിലാളികളുടെ കൂലി,മെറ്റീരിയൽ ചെലവ്	0	50894200	50894200	50894200	
ആകെ		0	52040648	52040648	5,20,37,866	2782

1-6-1 മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ജി.എസ്.ടി, ആദായ നികുതി എന്നിവ ഉറവിടത്തിൽ കുറവ് ചെയ്യുന്നില്ല

പായം ഗ്രാമ പഞ്ചായത്തിൽ മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കുന്ന വിവിധ നിർമ്മാണ പ്രവൃത്തികളിൽ മെറ്റീരിയൽ സപ്ലൈ ചെയ്തിട്ടുള്ള കരാറുകാർക്ക് നിയമാനുസൃത ജി.എസ്.ടി, ആദായ നികുതി എന്നിവ ഉറവിടത്തിൽ കുറവ് ചെയ്യാതെയാണ് തുക അനുവദിക്കുന്നത്. ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194(സി) പ്രകാരം ഒറ്റ തവണ ഒരു കോൺട്രാക്ടർക്ക് ₹30,000/- അധികം നല്കുമ്പോഴോ ഒരു സാമ്പത്തിക വർഷം നല്കുന്ന ആകെ തുക ₹1,00,000/- കവിയുമ്പോഴോ ടിയാളിൽ നിന്നും 1% നിരക്കിൽ ആദായ നികുതി ഈടാക്കേണ്ടതാണ്. അതുപോലെ CGST Act, 2017 സെക്ഷൻ 51 പ്രകാരം, സപ്ലൈ ഓർഡർ നൽകിയ ₹2,50,000/- മേലുള്ള (ജി.എസ്.ടി ഒഴികെ) എല്ലാ വാങ്ങലുകൾക്കും 2% GST TDS ഈടാക്കി ബാക്കി തുക മാത്രമാണ് സപ്ലൈയർക്ക് നൽകേണ്ടത്. മഹാത്മഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുടെ എല്ലാ സാമ്പത്തിക ഇടപാടുകളും എം.ഐ.എസ് മുഖേനയാണ് നടത്തുന്നതെങ്കിലും സോഫ്റ്റ് വെയറിൽ നിയമാനുസൃത നികുതികൾ കുറവ് ചെയ്യുന്നതിന് നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ സാധനസാമഗ്രികളുടെ വിതരണക്കാർ നികുതി തുക നേരിട്ട് പഞ്ചായത്തിൽ ഒടുക്കുന്നത് ഉറപ്പുവരുത്തി മാത്രം കരാർ തുക അനുവദിക്കുന്നതിന് ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ 30/07/2019 ലെ നം.957/ഇ.ജി.എസ്-സി/16/ആർ.ഇ.ജി.എസ് സർക്കുലറിൽ നിർദ്ദേശിച്ചിരുന്നു. ഈ നിർദ്ദേശം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയതായി താഴെ പറയുന്ന പ്രവൃത്തികളുടെ ഫയലിൽ കാണുന്നില്ല .

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	ചെലവ് തുക ലക്ഷത്തിൽ (₹)
1.	മേടക്കൽ അങ്കണവാടി റോഡ് കോൺക്രീറ്റ് (1602003006/RC/371770)	0.33019
2.	കരിയാൽ വട്ട്യറ കുവമുക്ക് റോഡ് കോൺക്രീറ്റ് (1602003006/RC/371771)	0.47081
3.	ഉദയഗിരി കൈപ്പങ്ങാട് കരിമ്പനോലികുന്നൻ റോഡ് കോൺക്രീറ്റ് (1602003006/RC/371776)	3.24088
4.	പെരുമ്പറമ്പ് സ്കൂൾ പാർക്ക് റോഡ് പുനരുദ്ധാരണം (1602003006/RC/372668)	0.30636
5.	കോറവയൽ ഇമ്പീച്ചി വാവ റോഡ് കോൺക്രീറ്റ് (1602003006/RC/374728)	3.59803
6.	കാടമുണ്ട കാഞ്ഞിരക്കുന്നേൽ ഏച്ചില്ലം റോഡ് കോൺക്രീറ്റ് (1602003006/RC/383401)	4.75451
7.	കുന്നോത്ത് പുതിയ ഭഗവതി ക്ഷേത്രം മരംവീണക്കണ്ടി റോഡ് കോൺക്രീറ്റ് (1602003006/RC/383404)	0.54861
8.	കരിവണ്ണൂർ ഒറ്റക്കൊമ്പൻചാൽ റോഡ് കോൺക്രീറ്റ് (1602003006/RC/383473)	0.50127
9.	പായം സ്കൂൾ എ കെ ജി റോഡ് കോൺക്രീറ്റ് (1602003006/RC/383475)	4.73006
10.	കോളിക്കടവ് വട്ടുകുളം പട്ടാരം അമ്പലത്തട്ട് റോഡ് കോൺക്രീറ്റ് (1602003006/RC/383476)	2.82674
11.	തെങ്ങോല കരിനുച്ചി വടക്കേമുറി റോഡ് കോൺക്രീറ്റ്	2.04982

	(1602003006/RC/383481)	
12.	കൂവമുക്ക് വൈശംചാൽ എരുമത്തടം റോഡ് കോൺക്രീറ്റ് (1602003006/RC/383485)	4.7456
13.	വിളമന പാൽ സൊസൈറ്റി എ കെ ജി നഗർ റോഡ് കോൺക്രീറ്റ് (1602003006/RC/383489)	0.68234
14.	പെരുമ്പറമ്പ് മീൻകുളം റോഡ് കോൺക്രീറ്റ് (1602003006/RC/383490)	0.66057
15.	പുതുശ്ശേരി ചങ്ങലമുക്ക് റോഡ് കോൺക്രീറ്റ് (1602003006/RC/383507)	0.56727
16.	ചട്ടിക്കരി നാരായണിത്തട്ട് റോഡ് കോൺക്രീറ്റ് (1602003006/RC/383516)	4.00357
17.	മാടത്തിൽ സ്കൂൾ നരീക്കോടൻ റോഡ് കോൺക്രീറ്റ് (1602003006/RC/385003)	0.72498
18.	പെരിങ്കരി ഉദയഗിരി ഇ എം എസ് നഗർ റോഡ് കോൺക്രീറ്റ് (1602003006/RC/385518)	0.40306
	ആകെ	35.1

ഇത് സംബന്ധിച്ച് 16-10-2023 ന നൽകിയ 34 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ കരാറുകാർക്ക് തുക നൽകുമ്പോൾ നിയമാനുസൃത ജി.എസ്.ടി, ആദായ നികുതി എന്നിവ ഉറവിടത്തിൽ കുറവ് ചെയ്യുവാനും ബന്ധപ്പെട്ട വകുപ്പിലേക്ക് അടവാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

1-7 ക്ഷേമ പദ്ധതികൾ

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷക തൊഴിലാളി പെൻഷൻ	59,16,500	546
വിധവാ പെൻഷൻ	1,24,00,100	1168
വാർദ്ധക്യകാല പെൻഷൻ	2,42,12,400	2436
ഭിന്നശേഷി പെൻഷൻ	40,74,900	379
അവിവാഹിത പെൻഷൻ	11,06,400	102

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-10-2023 തീയതിയിൽ 2.30 Pm ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 12,650 (പന്ത്രണ്ടായിരത്തി അറന്നൂറ്റി അമ്പത് രൂപ മാത്രം) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ പ്രതിമാസ യോഗം 10/22ൽ ഒഴികെ ബാക്കി എല്ലാമാസവും വിളിച്ചുചേർത്തിട്ടുണ്ട്. ഓഫീസ് ഉത്തരവ് സമയാസമയങ്ങളിൽ പുറപ്പെടുവിച്ചിട്ടുണ്ട്.

സ്ഥാപനത്തിന്റെ ഇ പെയ്മെന്റ് അക്കൗണ്ടിൽ 24.36ലക്ഷം നീക്കിയിരിപ്പുണ്ട്. ഇ-പെയ്മെന്റ് അക്കൗണ്ട് പലിശരഹിത അക്കൗണ്ട് ആയതിനാൽ തുക കൃത്യമായ ഇടവേളകളിൽ സേവിംഗ്സ് അക്കൗണ്ടിലേയ്ക്ക് മാറ്റേണ്ടതാണ് . രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. വിവിധ ഗ്രാന്റുകളുടെ വിനിയോഗം നിരീക്ഷിക്കുന്നതിനുള്ള ഗ്രാന്റ് രജിസ്റ്റർ, തനത് വരവിനങ്ങളുടെ ഡിമാൻഡ് രജിസ്റ്റർ എന്നിവയുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. മുൻ വർഷങ്ങളിൽ ഉൾപ്പെടെയുള്ള വാർഷിക കണക്കിലെ അപാകങ്ങൾ പരിഹരിക്കാനുള്ള ശ്രമങ്ങൾ നടത്തിയതായി കാണുന്നില്ല. ഈക്കാര്യത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ സജീവമായ ഇടപെടൽ ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണ്

1-10 ഗ്രാമ സഭ

ഗ്രാമ സഭകളിലെ ജന പ്രാതിനിധ്യം നിശ്ചിത ക്വാറം തികയുന്നുണ്ട്. 2022-23 വർഷം ഗ്രാമസഭകൾ 6 തവണ യോഗം ചേർന്നിട്ടുണ്ട്. 2022-23 വാർഷിക പദ്ധതി രൂപീകരണം, 2021-22 പദ്ധതി അവലോകനം, ലൈഫ് പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, 2022-23 വാർഷിക പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, എം.ജി.എൻ.ആർ.ഇ.ജി.എസ് ആക്ഷൻ പ്ലാൻ അംഗീകരിക്കൽ, 2023-24 വാർഷിക പദ്ധതി രൂപീകരണം തുടങ്ങിയവ അജണ്ടയിൽ ഉൾപ്പെടുത്തുകയും, മിനുട്സിൽ നിർദ്ദേശങ്ങളും തീരുമാനങ്ങളും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

1-11 ഇ -ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് - ₹2,17,177 ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല

28/9/13-ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുവാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട ടെണ്ടർ ഫീസ് ഇനത്തിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് അനുവദിക്കുകയാണ് ചെയ്യുന്നത്. അസിസ്റ്റന്റ് എൻജിനീയർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 2015-16 മുതൽ 2022-23 വരെയുള്ള കാലയളവിൽ പായം ഗ്രാമപഞ്ചായത്തിന് ഈയിനത്തിൽ ₹ 2,17,177 /- ലഭിക്കുവാനുണ്ട് . മേൽ വിവരം ആവശ്യപ്പെട്ട് 12-10-2023 ന നൽകിയ 12 -ം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി പ്രകാരം ടി തുക ലഭ്യമാക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു. തുക ലഭ്യമാകുന്ന മുറക്ക് വിവരം ലഭ്യമാക്കേണ്ടതാണ്.

1-12 കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം,വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് അടിസ്ഥാനമാക്കിയുള്ള വസ്തുനികുതി ഈടാക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തുനികുതി ചുമത്തേണ്ടതാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 6 അനുസരിച്ച്, വിലയേറിയ സാധനങ്ങൾ കൊണ്ട് നിർമ്മിച്ച തറനിർമ്മിതിയുള്ളതും 250 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ളതുമായ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 15 ശതമാനം വർദ്ധനവ് വരുത്തേണ്ടതായിട്ടുണ്ട്. പായം ഗ്രാമപഞ്ചായത്തിലെ 12-ാം വാർഡിൽ കുറുന്തോട്ടത്തിൽ ലിസ്സി ആന്റോ, കുറുന്തോട്ടത്തിൽ അജിത്ത് ആന്റോ,

കുറുന്തോട്ടത്തിൽ സുജിത്ത് ആന്റോ, കുറുന്തോട്ടത്തിൽ അമിത്ത് ആന്റോ എന്നിവരുടെ ഉടമസ്ഥതയിൽ താഴെ കൊടുത്തിരിക്കുന്ന പ്രകാരം 968.3 ച.മീ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടമുണ്ട് (പെർമിറ്റ് നമ്പർ -BA-63687/22 തീയതി 19/02/2022).

വാർഡ് നം/കെട്ടിട നം	തറ വിസ്തീർണ്ണം(ച.മീ.)
12/501 A	76.59
12/501 B	73.91
12/501 C	102.29
12/501 D	281.41
12/501 E	89.1
12/501 F	78.8
12/501 G	80.47
12/501 H	185.73
ആകെ	968.3

എന്നാൽ സഞ്ചയയിൽ ഫോറം 6 ൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പ്രകാരമുള്ള തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് (മേൽത്തരംതടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ്, മറ്റ് വിലയേറിയ വസ്തുക്കൾ) 12/501 D ഒഴികെയുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് പരിഗണിച്ചിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(22/13.10.2023) ക്ക് മറുപടിയായി നികുതി പുനർനിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് നികുതി പുനർനിർണയം നടത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയില്ല

സഞ്ചയ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ ചുവടെ ചേർത്തിരിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ കുടിശ്ശിക പിരിച്ചെടുക്കാനുണ്ട്.

വാർഡ് / കെട്ടിട നമ്പർ	മൊബൈൽ ടവറിന്റെ വിവരം	കുടിശ്ശിക കാലയളവ്	കുടിശ്ശിക തുക (ലൈബ്രറിസെസ്സ് ഉൾപ്പെടെ) ₹
5/571	റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ്	2013 ഒന്നാം അർദ്ധവർഷം മുതൽ	83829
5/572	ജനറൽ മാനേജർ,ജി ടിഎൽ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്	2019 ഒന്നാം അർദ്ധവർഷം മുതൽ	57752

മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ അറിയിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.39/17-10-2023) ന് പ്രസ്തുത കുടിശ്ശിക തുകകൾ ഈടാക്കുവാൻ മട്ടന്നൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി മുൻപാകെ കേസ് ഫയൽ ചെയ്തിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കി

സ.ഉ(എം.എസ്)നം.144/15/തസ്വഭവ തി.27.04.2015 പ്രകാരം 60 ച.മി വരെ വിസ്തീർണമുള്ള എല്ലാ വാസ ഗൃഹങ്ങളേയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. സഞ്ചയയിൽ വസ്തുനികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ, അസസ്മെന്റ് (ഫോറം 6) എന്നിവ പരിശോധിച്ചപ്പോൾ 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള ചുവടെ ചേർത്ത കെട്ടിങ്ങൾക്ക് നികുതി ചുമത്തിയിട്ടില്ലെന്ന് വ്യക്തമാകുന്നുണ്ട്.

ക്രമ നമ്പർ	കെട്ടിട നമ്പർ	കെട്ടിട ഉടമ	കെട്ടിടത്തിന്റെ വിസ്തീർണ്ണം(ച.മീ)

1	9/31 C	പയ്യമ്പള്ളി റാബി	67.37
2	15/34	വേലായുധൻ	67
3	15/48	ലിജേഷ് തണ്ടാടിയിൽ	61.15
4	15/81	വേരുകണ്ടി ദേവി മുതൽപേർ	61.71
5	15/414	താനിപ്പറമ്പിൽ ദേവദാസ് നാടാർ	111
6	17/161	പൂവത്തിങ്കൽ കുര്യൻ	80

മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കിയത് സംബന്ധിച്ച് 38/17.10.2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന വിവരം അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 കൂട്ടിചേർക്കലിനായി പെർമിറ്റെടുത്ത കെട്ടിടങ്ങളുടെ നികുതി പുനർനിർണയം നടത്തിയിട്ടില്ല

2018-19 വർഷത്തെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഏതാനും വാസഗൃഹങ്ങൾക്ക് കൂട്ടിചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. നിലവിൽ പെർമിറ്റ് കാലാവധി അവസാനിച്ച ഈ കെട്ടിടങ്ങൾക്ക് കാലാവധി ദീർഘിപ്പിച്ച് നൽകുകയോ കൂട്ടിച്ചേർത്ത ഭാഗത്തിന് നികുതി നിർണ്ണയിക്കാൻ വേണ്ടി ഉടമസ്ഥർ അപേക്ഷ നൽകുകയോ ചെയ്തിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ പ്രസ്തുത കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ കൂട്ടിചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയം നടത്തിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കെട്ടിട നമ്പർ	ഉടമസ്ഥന്റെ പേര്	പെർമിറ്റ് നമ്പർ / കാലാവധി	അധിക നിർമാണത്തിനായി അനുമതി നൽകിയ തറവിസ്തീർണം (ച.മീ)	സഞ്ചയ പ്രകാരം വസ്തുനികുതി നിർണയിച്ച തറവിസ്തീർണം (ച.മീ)
1	8/26	കോട്ടായി രമ	A2-BA(128453)/2019 02.06.2022	FF = 52.24	GF = 62
2	13/656 A	പുത്തലത്ത് ശ്രീമതി	A2-BA(78882)/2018 25.04.2021	GF = 13.09 FF = 69.27	GF = 60
3	16/72	രാജേഷ് മുകളേൽ	A2-BA(92508)/2018 13.05.2021	FF =72.60	GF = 91.30

പെർമിറ്റ് കാലാവധിക്ക് ശേഷം പെർമിറ്റ് പുതുക്കുകയോ വസ്തുനികുതി പുനർനിർണ്ണയിക്കുകയോ ചെയ്യാത്ത ഇത്തരം കെട്ടിടങ്ങളുടെ നിലവിലെ നിർമ്മാണ ഘട്ടം, പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വസ്തുനികുതി പരിഷ്ക്കരിച്ച് ഈടാക്കാൻ സ്വീകരിച്ച നടപടികൾ എന്നിവ വിശദമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(21/13.10.2023) മറുപടിയായി, ടി കെട്ടിടങ്ങളുടെ പെർമിറ്റ് പുതുക്കുന്നതിനുള്ള / വസ്തുനികുതി പുനർനിർണ്ണയം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കെട്ടിട ഉടമകൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്.

ഫീൽഡ് തല പരിശോധന നടത്തി അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതും, നിലവിലുള്ള അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ച് കൂട്ടിചേർക്കൽ വരുത്തിയതും ഘടനാപരമായ മാറ്റങ്ങൾ വരുത്തിയതുമായ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കി വരുമാന ചോർച്ച ഒഴിവാക്കേണ്ടതുമാണ്.

1-16 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല

1) 2022-23 വർഷത്തെ എഫ്.ടി.ഇ &ഒ.എസ് ലൈസൻസ് രജിസ്റ്റർ, ലൈസൻസ് അപേക്ഷകൾ, തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ, ലൈസൻസ് അനുവദിച്ച ഒന്നിൽ കൂടുതൽ ജീവനക്കാരുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. (1 മുതൽ 120 വരെയുള്ള ലൈസൻസുകൾ മാത്രം പരിശോധിച്ചതിൽ)

ക്രമ നം	കെട്ടിട നം / ലൈസൻസിയുടെ പേര്	സ്ഥാപനം	അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം
1	14/342-345 തോമസ്സ് കുരുവിള	വാഹന റിപ്പയർ വർക്സ്	8
2	13/13,14,15 A ജിമ്മി.കെ.സി	റീന ഡവലപ്പേർസ്	3
3	5/228 ഷാനവാസ്.കെ.കെ	ഹോട്ടൽ	4
4	5/252 ഇസ്മായിൽ.കെ	ഈർച്ചമിൽ	3
5	12/390-392 മുഹമ്മദ് ഷാഫി.കെ.എ	ഓട്ടോമൊബൈൽ സ്പെയർപാർട്സ് വിൽപ്പന	4
6	13/169 അനിൽകുമാർ.എം	മരമിൽ	3
7	4/541A ആനന്ദ് ചാക്കോ	ഹോട്ടൽ	4
8	5/493 E-G ടി.പി.വാസുദേവൻ	ഓഡിറ്റോറിയം	10
9	5/127 അബ്ദുൾ റഹിം.പി	പെട്രോൾ പമ്പ്	6
10	6/8 H,I ബിജോയ്.പി.ജോസഫ്	ബിൽഡിംഗ് മെറ്റീരിയൽസ് വിൽപ്പന	4
11	5/276 E,L സിയാദ്.സി.വി	റസ്റ്റോറന്റ്	5
12	17/492 B ജോർജ്.കെ.എം	ഹോട്ടൽ	4
13	14/116,117 A ഇൻചാർജ്, സപ്ലൈകോ	സപ്ലൈകോ	5
14	13/1241 ജാക്സൺ ജോർജ്	കൺസ്ട്രക്ഷൻ ഓഫീസ്	4
15	8/211 ബബിത കാതറൈൻ ജോസ്	ആയുർവേദ ക്ലിനിക്ക്	4

2) 2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, ഗ്രാമപഞ്ചായത്തിൽ വിവിധ

ആവശ്യങ്ങൾക്ക് ദിവസവേതനത്തിന് നിയമിച്ച ജീവനക്കാർ എന്നിവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

3) ജീവനക്കാരുടെ തൊഴിൽനികുതി സംബന്ധിച്ച 2021-22, 2022-23 വർഷങ്ങളിലെ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2022-23വർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

ക്രമനം	സ്ഥാപനം	തൊഴിൽനികുതി ഈടാക്കാത്ത അർദ്ധവർഷം
1	പോസ്റ്റ് ഓഫീസ്, മാടത്തിൽ	II
2	പോസ്റ്റ് ഓഫീസ്, കൂട്ടുപുഴ	II
3	പായം വനിത സഹകരണ സംഘം, മാടത്തിൽ	I, II
4	വട്ട്യറ ക്ഷീരോൽപ്പാദക സഹകരണ സംഘം	II
5	കിളിയന്തറ ക്ഷീരോൽപ്പാദക സഹകരണ സംഘം	I, II
6	ആൻ ഡെന്റൽ കെയർ, മാടത്തിൽ	II
7	മിഡാസ് ഗ്ലാസ്സ് & പ്ലൈവുഡ്, വള്ളിത്തോട്	II
8	വാഴയിൽ ഇൻഡസ്ട്രീസ്, തന്തോട്	II
9	നാഷണൽ എജൻസീസ്, ആനപ്പന്തിക്കവല	II
10	നിഖിൽ ഹോസ്പിറ്റൽ, തന്തോട്	II
11	ആവീസ് ട്രേഡിംഗ് കമ്പനി, പായം	II
12	കിളിയന്തറ വനിത സഹകരണ സംഘം	I, II
13	ടി.വി.എസ് സൺസ് പ്രൈവറ്റ് ലിമിറ്റഡ്	I, II
14	പുളിക്കാംപുറത്ത് ട്രേഡേഴ്സ്, മാടത്തിൽ	I, II
15	ന്യൂ റാറാവീസ്, വള്ളിത്തോട്	I, II
16	യൂണിറ്റി സെറാമിക്സ്	I, II
17	സയാന കാർ വർക് ഷോപ്പ്	I, II
18	റബ്ബർ ബോർഡ് ഫീൽഡ് സ്റ്റേഷൻ, ഇരിട്ടി	I, II
19	ആരാധന ഹോട്ടൽ, വള്ളിത്തോട്	I, II
20	ബിസ്മില്ല ഹോട്ടൽ, ആനപ്പന്തിക്കവല	I, II
21	വള്ളിത്തോട് സോമിൽ	I, II
22	ബിൽഡ് ഡെക്കോർ, മാടത്തിൽ	I, II
23	ബി.ഡി മാർബിൾസ്, മാടത്തിൽ	I, II
24	വുഡ് മാർട്ട്, മാടത്തിൽ	I, II
25	മൌണ്ട് ഫോർട്ട് ഹോട്ടൽ, മാടത്തിൽ	I, II

ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്

(14/12.10.2023)മറുപടിയായി, തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളിലെയും തൊഴിൽനികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-17 സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല

1994ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, സെക്ഷൻ 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസ്സിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ, ഏർപ്പെടുകയോ, പൊതുവായോ, സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാവുന്നതാണ്.

പായം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 2022-23 വർഷം ലൈസൻസ് അനുവദിച്ച താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി (ട്രേഡേഴ്സ്) ഈടാക്കിയിട്ടില്ല.

ക്രമ നമ്പർ	കെട്ടിട നമ്പർ	ലൈസൻസിയുടെ പേര്	സ്ഥാപനം
1	12/395	ബാബു.വി.എൻ	വാഹന റിപ്പയറിംഗ് കട
2	8/300 D	പി.കെ.ജോസഫ്	കൺസ്ട്രക്ഷൻ വർക്
3	8/300 G	പി.കെ.ജോസഫ്	ഫ്ലോറിംഡ് മെറ്റീരിയൽ വിൽപ്പന
4	5/332	സിദ്ദീഖ്.വി	സ്റ്റേഷനറി കട
5	6/97	കെ.കെ.ചാണ്ടി	കോഴിത്തീറ്റ വിൽപ്പന
6	5/493 E	ടി.പി വാസുദേവൻ	ലോഡ്ജ്
7	6/8 H	ബിജോയ്.പി.ജോസഫ്	പുളിക്കാംപുറത്ത് ട്രേഡേഴ്സ്
8	8/257 B	ബിജോയ്.പി.ജോസഫ്	പുളിക്കാംപുറത്ത് ട്രേഡേഴ്സ്
9	8/257 C	ബിജോയ്.പി.ജോസഫ്, അജേഷ് കുമാർ	നോർത്തേൺ ഇന്ത്യ ട്രേഡിംഗ് കമ്പനി
10	12/203 A	സക്കീർ ഹുസൈൻ.കെ	മിനി ഓഡിറ്റോറിയം
11	13/327 A	സരോജിനി	കഫ്ത്തീരിയ
12	13/245	വിനോദ് കുമാർ	സ്പെയർ പാർട്സ് കട
13	5/595 C	അഫ്സൽ.എം.പി	മലഞ്ചരക്ക് കട
14	13/241	രഞ്ചിത്ത്.പി.പി	ക്ലബ്ബാർ
15	8/326	സജിൻ.കെ.എം, ധനീഷ് തോമസ്	ഇലക്ട്രിക്കൽ കട

തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/12.10.2023) മറുപടി ലഭ്യമാക്കിയില്ല. തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-18 സ്ഥാപനങ്ങളിൽ നിന്നും FTE&OS ലൈസൻസ് ഫീ ഈടാക്കിയില്ല

2021-22, 2022-23 വർഷങ്ങളിലെ ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും 2021-22 വർഷത്തെ ലൈസൻസ് ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2022-23 വർഷത്തെ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല (ആകെ 8 വാർഡുകൾ മാത്രം പരിശോധിച്ചതിൽ)

ക്രമ നമ്പർ	കെട്ടിട നമ്പർ	ലൈസൻസിയുടെ പേര്	സ്ഥാപനം
1	1/225	അനൂപ് ചാക്കോ	മർമ്മ ചികിൽസാലയം
2	1/394 J	ഭാഗ്യനാഥ് ചാത്തോത്ത്	ഫുഡ് പ്രോഡക്ട്സ് വിൽപ്പന
3	1/371 A,B	മുഹമ്മദ് അഴീക്കോടൻ	മത്സ്യ കച്ചവടം

4	1/18 A	കടാങ്കോട്ട് അലി	അനാദി കട
5	2/400 B	ഇബ്രാഹിം	ഫാൻസി
6	3/222 A	സോബിൻ	ഹോട്ടൽ
7	3/284	സാജിർ.ടി.എം	ചായക്കട
8	3/267	കെ.വി.മുഹമ്മദ്	അനാദി
9	3/222 C	ജോജോ ജയിംസ്	കള്ള് ഷാപ്പ്
10	4/5,6,7,8,9	പി.കെ.നബീസ	ലോഡ്ജ്
11	4/34	സെക്രട്ടറി	കിളിയന്തറ ക്ഷീരോൽപ്പാദക സഹകരണ സംഘം
12	4/57	പി.പി.മായൻ	പലചരക്ക്
13	4/148 F	ബാബു.പി.എ	കറി പൗഡർ സംഭരണം
14	4/386	ഹുസൈനത്ത്	മൊബൈൽ ഷോപ്പ്
15	4/73 A,B,C	മുഹമ്മദ് നിഹാദ്	ഇലക്ട്രിക്കൽ കട
16	4/46 G	നമിത ജോയ്	ഡെന്റൽ ക്ലിനിക്ക്
17	6/8 S,T	അഞ്ജു മാത്യു	ഡോർ ഇന്റീരിയർ
18	6/82 A	റിച്ചാർഡ് ജോൺ	സ്റ്റാക്സ് നിർമാണം
19	7/241	ശ്രീജില.കെ	ബാഗ് നിർമാണം
20	7/379	ജോൺ മാത്യു	കള്ള് ഷാപ്പ്
21	7/334	തോട്ടത്തിൽ രാജീവൻ	പലചരക്ക് കട
22	8/328	ജോൺ മാത്യു	കള്ള് ഷാപ്പ്
23	8/315	സെക്രട്ടറി	വളം ഡിപ്പോ, പായം
24	10/366 B	മനോജ് കുമാർ.കെ	സ്റ്റേഷനറി
25	10/95 K	സതീശൻ.കെ	കൺസ്ട്രക്ഷൻ ഓഫീസ്
26	10/398	പ്രജീഷ്.പി	മൊബൈൽ സർവീസ്
27	10/270	സി.റെജി	പലചരക്ക് കട
28	10/397	ബിന്ദുല.കെ	സ്റ്റേഷനറി
29	10/174 J	അജിത്ത് കുമാർ	മിനറൽ വാട്ടർ വിതരണം
30	10/270 C	അലീന.എസ്.	കാലിത്തീറ്റ വിൽപ്പന
31	10/275 A	ഉമ്മർ മുണ്ടത്താവൻ	പലചരക്ക്

1)2022-23 വർഷത്തെ ഡിമാന്റ് രജിസ്റ്ററിൽ മേൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങൾ ഉൾപ്പെടാത്തതിനുള്ള കാരണം, 2022-23 വർഷം ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ എന്നിവ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/12.10.2023) മറുപടി ലഭ്യമാക്കിയില്ല. ലൈസൻസ് ഫീസ് അടക്കാൻ ബാധ്യസ്ഥതയുള്ള മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2) ലൈസൻസ് അപേക്ഷകളിൽ സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം, സ്ഥാപനത്തിന്റെ മൂലധനനിക്ഷേപം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ സ്ഥാപനത്തിൽ തൊഴിൽനികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ ജീവനക്കാരുടെ എണ്ണം, ഈടാക്കേണ്ട ലൈസൻസ് ഫീസ് എന്നിവ മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നമ്പർ	കെട്ടിട നമ്പർ	ലൈസൻസിയുടെ പേര്	സ്ഥാപനം	റിമാർക്സ്
1	1/206 J	അബ്ദുൾ റഹിമാൻ മൂസ	മാർബിൾ, ഗ്രാനൈറ്റ് വിൽപ്പന	ജോലിക്കാരുടെ എണ്ണം, സ്ഥാപനത്തിന്റെ മൂലധനനിക്ഷേപം രേഖപ്പെടുത്തിയില്ല

2	12/175	റീഷ.കെ	മെഡിക്കൽ ഷാപ്പ്	ജോലിക്കാരുടെ എണ്ണം, സ്ഥാപനത്തിന്റെ മൂലധനനിക്ഷേപം രേഖപ്പെടുത്തിയില്ല
3	13/15 E,F	ജിമ്മി.കെ.സി	ഇലക്ട്രിക്കൽസ്, പ്ലംബിംഗ്	സ്ഥാപനത്തിന്റെ മൂലധനനിക്ഷേപം രേഖപ്പെടുത്തിയില്ല

ലൈസൻസ് അപേക്ഷകൾ സ്വീകരിക്കുമ്പോൾ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-19 പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീ ഈടാക്കിയില്ല

1997 ലെ കേരള പഞ്ചായത്ത് സ്വകാര്യ ആശുപത്രികളുടെയും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ചട്ടങ്ങൾ 3(1) പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും, പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല. ചട്ടം 5(1) പ്രകാരം ഒരു പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പായി പുതുക്കേണ്ടതുണ്ട്. 2021-22 വർഷം പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്ത താഴെ പറയുന്ന സ്ഥാപനങ്ങൾ 2022-23 വർഷം രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

ക്രമ നം	ഉടമസ്ഥന്റെ പേര് / സ്ഥാപനം
1	സജി ലൂക്കോസ്, ഹരിത ആയുർവേദ ക്ലിനിക്
2	ഡോ.അതിഥി ആര്യപ്പള്ളി, അതിഥി ഹോമിയോ ക്ലിനിക്
3	ഡോ.നമിത ജോയ്, വള്ളിത്തോട് ഡെന്റൽ ക്ലിനിക്
4	ഡോ.ബബിത കാതറൈൻ ജോസ്, അബ്രഹാംസ് ആയുർവേദ ക്ലിനിക്

മേൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/12.10.2023) മറുപടി ലഭ്യമാക്കിയില്ല.തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-20 ഒഴിഞ്ഞ ടാർ ബാരലിന്റെ വിലയും,ബാരലിന്റെ വിലയുടെ ജി എസ് ടിയും ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ ധനകാര്യ കമ്മീഷൻ അവാർഡ്, മെയിന്റനൻസ് ഫണ്ട് റോഡ് എന്നീ ഇനത്തിലുള്ള തുക ഉപയോഗിച്ച് നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ നിന്ന് ഈടാക്കിയ ഒഴിഞ്ഞ ടാർ ബാരൽവിലയും, വിലയുടെ ജി എസ് ടിയും ബന്ധപ്പെട്ട വകുപ്പിലേയ്ക്ക് ഒടുക്കാതെ സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലാണ് (A/CNo-799013000000380) തുകകൾ ക്രഡിറ്റ് ചെയ്തിരിക്കുന്നത്. ഒഴിഞ്ഞ ടാർ വീപ്പയുടെ വിലയും ജിഎസ് ടി യും ഏത് ഫണ്ടിൽ വകുപ്പിൽ നിന്നാണോ ടാർ വാങ്ങിയത് അതേ വകുപ്പിൽ ഒടുക്കിയിട്ടുണ്ടെങ്കിൽ (സർക്കാർ നിർദ്ദേശം (സർക്കുലർ 59827/ എഫ് എം 07 ത സ്വ ഭ വ 30.10.2007, സർക്കാർ ഉത്തരവ് (പി)നം177 /2006 ധനം തീയതി 12.04.2006ഖ -10.3) രേഖകൾ ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് 11-10-2023 ന് നൽകിയ 9 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം ഒഴിഞ്ഞ ടാർ ബാരലിന്റെ വിലയും, ബാരൽ വിലയുടെ ജി എസ് ടി യും കൂടിയുള്ള കിഴിവ് നടത്താനുള്ള പ്രൊവിഷൻ പ്രൈസ് സോഫ്റ്റ്‌വെയറിൽ ഇല്ല എന്നും ഫിനാൻസ് വകുപ്പ് അംഗീകരിച്ച PRICE-3 സോഫ്റ്റ്‌വെയറിൽ ഒഴിഞ്ഞ ടാർ ബാരലുകളുടെ തുക റിക്കവറി ആയി എൻടി ചെയ്യാൻ മാത്രമേ പ്രൊവിഷൻ ഉള്ളൂ. PRICE-3 സോഫ്റ്റ്‌വെയറിൽ അംഗീകരിച്ച ബില്ലിന് മാത്രമേ റിക്വിസിഷൻ കൊടുക്കാൻ കഴിയുകയുള്ളൂ കൂടാതെ ഒഴിഞ്ഞ ടാർ ബാരലുകളുടെ വില (Sale Of Empties) എന്നത് റിക്കവറി വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. ആയതിനാൽ ഒഴിഞ്ഞ ടാർ ബാരലിന്റെ വിലയും, ബാരലിന്റെ വിലയുടെ ജി എസ് ടി യും കൂടിയുള്ള തുക പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിൽ അടച്ചിട്ടുണ്ട് എന്നും ആയത് പ്രകാരം ജി എസ് ടി അടച്ചതിന്റെ റസീപ്റ്റ് മറുപടിക്കൊപ്പം സമർപ്പിക്കുന്നു എന്നും അറിയിച്ചിട്ടുണ്ട്. ഒഴിഞ്ഞ ടാർ ബാരലിന്റെ വിലയും,ബാരലിന്റെ വിലയുടെ ജി എസ് ടിയും ബന്ധപ്പെട്ട വകുപ്പിൽ അടവാക്കുവാൻ ആവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതും വിവരം ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-21 പൊതുമരാമത്ത് പ്രവൃത്തികൾക്ക് പൊതുമരാമത്ത് മാന്വൽ അനുശാസിക്കും വിധത്തിലുള്ള മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കിയിട്ടില്ല

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച സർക്കാരിന്റെ 19-04-2022 തീയതിയിലെ സ.ഉ (കൈ) നം.84/2022 /തസ്വഭവ ഉത്തരവിലെ ഖണ്ഡിക നമ്പർ 14(4) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് നിലവിലുള്ള പ്രാദേശിക മോണിറ്ററിംഗ് സംവിധാനത്തിന് പുറമെ പൊതുമരാമത്ത് മാന്വൽ അനുശാസിക്കും വിധത്തിലുള്ള മോണിറ്ററിംഗ് സംവിധാനം കൂടി നടപ്പിലാക്കണമെന്നും തുടക്കമെന്ന നിലയിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ആകെ പ്രോജക്ടുകളുടെ ഒരു ശതമാനമെങ്കിലും തെരഞ്ഞെടുത്ത് പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന തരത്തിലുള്ള ഗുണനിലവാര പരിശോധനക്ക് വിധേയമാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതു പ്രകാരം ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ പൊതുമരാമത്ത് പ്രോജക്ടുകൾ ഗുണനിലവാര പരിശോധനക്കു വിധേയമാക്കിയ പ്രവൃത്തികളുടെ പരിശോധന റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 16-10-2023 ന നൽകിയ 32 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി പ്രകാരം ആകെ പ്രോജക്ടുകളുടെ ഒരു ശതമാനം തെരഞ്ഞെടുത്ത് ഗുണനിലവാരപരിശോധനക്ക് വിധേയമാക്കുവാൻ നടപടി സ്വീകരിച്ചെന്നും, കരാറുകാർ നേരിട്ട് ഗുണപരിശോധനക്ക് വിധേയമാക്കുകയാണ് ഉണ്ടായതെന്നും എന്നാൽ ആയതിന്റെ റിപ്പോർട്ട് അവരിൽ നിന്നും വാങ്ങി സൂക്ഷിച്ചില്ലെന്നും അറിയിച്ചു. റിപ്പോർട്ട് കരാറുകാരിൽ നിന്നും വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-22 ജൽജീവൻ മിഷൻ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉണ്ടായില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പഞ്ചായത്തിൽ നടപ്പിലാക്കിയ വിവിധ കുടിവെള്ള പദ്ധതികളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു

1)ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച സർക്കാരിന്റെ 19-04-2022തീയതിയിലെ സ.ഉ (കൈ) നം.84/2022 /തസ്വഭവ ഉത്തരവിലെ ഖണ്ഡിക നമ്പർ പ്രകാരം 8-1 (ബി) (25) കുടിവെള്ള പ്രോജക്ടുകളുടെ തുടർ നടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃ സമിതികളുടെ ചുമതലയാണെന്ന് പ്രോജക്ടിൽ വ്യവസ്ഥ ചെയ്യണമെന്നു നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽപ്രകാരം നിബന്ധന പാലിച്ചതായി പ്രോജക്ടുകളുടെ പരിശോധനയിൽ കാണുന്നില്ല.

2) ടി. ഉത്തരവിലെ ഖണ്ഡിക നമ്പർ 8-1 (ബി) (23) പ്രകാരം ഗ്രാമീണ മേഖലയിൽ എല്ലാ കുടുംബങ്ങൾക്കും ഗുണനിലവാരമുള്ള കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള "ജൽജീവൻ" മിഷൻ പരിപാടി വ്യാപിപ്പിക്കുന്നതിനും വിഹിതം നൽകുന്നതിനുമുള്ളപ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ് എന്നും ഗ്രാമപഞ്ചായത്തുകളുടെ 15% വിഹിതം കണ്ടെത്തുന്നതിന് പൊതുവിഭാഗം സാധാരണ വിഹിതം, തനത് ഫണ്ട് എന്നിവ ഉപയോഗിക്കാവുന്നതാണ് എന്നും ഗ്രാമപഞ്ചായത്തുകൾക്ക് മതിയായ വിഹിതം കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതാണ് എന്നും പട്ടികജാതി ഉപപദ്ധതി വിഹിതവും പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതവും ആ ഫണ്ടുകൾ വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി ഇതിനായി വിനിയോഗിക്കാവുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് തൻ വർഷം താഴെ വിവരിക്കും പ്രകാരം 21 കുടിവെള്ള പദ്ധതികൾ ആവിഷ്കരിച്ച് 12 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ഇവയൊന്നും മാർഗ്ഗരേഖയിൽ അനുശാസിക്കും പ്രകാരമല്ല. ഗ്രാമീണ മേഖലയിൽ എല്ലാ കുടുംബങ്ങൾക്കും ഗുണനിലവാരമുള്ള കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള "ജൽജീവൻ മിഷൻ പരിപാടി വ്യാപിപ്പിക്കുന്നതിനും വിഹിതം നൽകുന്നതിനുമുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല

ക്രമ നം	പ്രോജക്ട് പേര് &നമ്പർ	തൻ വർഷത്തെ ചെലവ്
1	ആനപ്പന്തി ശാന്തി നഗർ കുടിവെള്ള പദ്ധതി-6/23	138099
2	പെരുമ്പറമ്പ് അങ്കണവാടിക്ക് കുടിവെള്ള സൊകര്യമൊരുക്കൽ-43/23	201627
3	പെരുമ്പറമ്പ് സുവർണ്ണജധാരാ കുടിവെള്ള പദ്ധതി-44/23	0
4	ഉച്ചമ്പള്ളി കുടിവെള്ള പദ്ധതി- 47/23	175191
5	പെരുവംപറമ്പ് കുടിവെള്ള പദ്ധതി-48/23	0
6	നിരങ്ങൻചിറ്റകോളനി കുടിവെള്ള പദ്ധതി -52/23	546404

7	ആയിരക്കളം എസ് ടി കോളനി കുടിവെള്ള പദ്ധതി-56/23	400000
8	മലപ്പൊട്ടു ചേറുള്ള കരി എസ് ടി കോളനികുടിവെള്ള പദ്ധതി-57/23	203202
9	പെരുമ്പറമ്പ് 4 സെന്റ് കോളനി കുടിവെള്ള പദ്ധതി-59/23	417645
10	തെങ്ങോല അംഗൻവാടി കുടിവെള്ള സൗകര്യമൊരുക്കൽ-60/23	58895
11	വട്ട്യങ്ങാട് കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ റിപ്പയർ-61/23	24976
12	കടത്തുംകടവ് കുടിവെള്ള പദ്ധതി മോട്ടോർ പമ്പ് ഹൗസ് വയറിങ്-64/23	0
13	കടത്തുംകടവ് കുടിവെള്ള പദ്ധതി-146/23	1157349
14	മാടത്തിൽ തട്ട് കുടിവെള്ള പദ്ധതി-167/23	77777
15	മേടക്കൽ കുന്ന് കുടിവെള്ള പദ്ധതി-ഗ്രിൽ നിർമ്മാണം-200/23	0
16	നരിമട കോളനി സാംസ്കാരിക നിലയം കുടിവെള്ള പദ്ധതി-201/23	0
17	32 മൈൽ - നെറുവക്കാട് കുടിവെള്ള പദ്ധതി-202/23	0
18	ചീങ്ങാക്കുണ്ടം കുടിവെള്ള പദ്ധതി-221/23	0
19	പെരിങ്കരി അങ്കണവാടിവാടിക്ക് കുടിവെള്ള സൗകര്യം ഏർപ്പെടുത്തൽ-251/23	0
20	കൂട്ടുപുഴ അങ്കണവാടി കുടിവെള്ള സൗകര്യം ഒരുക്കൽ-254/23	0
21	പെരിങ്കരി എം എസിഎഫിന് കുടിവെള്ള സൌകര്യം ഒരുക്കൽ-258/23	93542

ഇത് സംബന്ധിച്ച് 16-10-2023 ന നൽകിയ 33-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി പ്രകാരം ജൽ ജീവൻ മിഷൻ പദ്ധതികൾ വഴി കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുവാൻ കാലതാമസം വരും എന്നതിനാലും അതുവരെ കുടിവെള്ളം ടാങ്കറുകളിൽ വിതരണം ചെയ്യുക എന്നുള്ളത് ചെലവേറിയ കാര്യമായതിനാലും പഞ്ചായത്തു കമ്മിറ്റിയുടെ 26-11 -2022 തീയതിയിലെ 2 / 147 / 2022 (8) തീരുമാനം പ്രകാരമാണ് നിലവിലുള്ള കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയതെന്നും അറിയിച്ചിട്ടുണ്ട്. കുടിവെള്ള പ്രശ്നങ്ങൾക്ക് ഒരു ശാശ്വത പരിഹാരം എന്ന നിലക്ക് കേന്ദ്ര കേരള സർക്കാരുകൾ യോജിച്ച പഞ്ചായത്തുകൾ വഴി നടപ്പിലാക്കി വരുന്ന ജൽ ജീവൻ മിഷൻ പദ്ധതി പായം ഗ്രാമ പഞ്ചായത്തു പരിധിയിലും നടപ്പിലാക്കുവാൻ സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ഭാവിയിൽ ഇത്തരം പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുമ്പോൾ സർക്കാർ മാർഗ്ഗരേഖ പ്രകാരമുള്ള നിർദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്

1-23 പ്രത്യേക കന്നുകുട്ടി പരിപാലനം ₹2,15,588 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	വെറ്റിനറി സർജൻ
പ്രോജക്ട് നമ്പർ, പേര്	82/2023, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി
അടങ്കൽ	₹ 3,12,500 വികസനഫണ്ട് പൊതുവിഭാഗം ₹ 3,12,500 മറ്റുള്ളവ ആകെ- ₹6,25,000
ചെലവ്	₹3,12,500 വികസനഫണ്ട്, പൊതുവിഭാഗം ബിൽ നമ്പർ 293/01.03.2023

മൃഗാശുപത്രിയിൽ നിലവിലുള്ള കന്നുകുട്ടി ജനന രജിസ്റ്ററിൽ പേര് ഉൾപ്പെടുത്തിയിട്ടുള്ള 4 മാസം മുതൽ 6 മാസം വരെ

പ്രായമുള്ള കിടാരികൾക്ക് 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. 25 ഗുണഭോക്താക്കൾക്ക് കിളിയന്തറ ക്ഷീരസഹകരണ സംഘം വഴിയാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നത്. ഡിപ്പാർട്ട്മെന്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ ഗ്രാമപഞ്ചായത്ത് വിഹിതത്തിനൊപ്പം (25%) ,സംസ്ഥാനസർക്കാർ വിഹിതത്തിന് ആനുപാതികമായ തുകയും (25%) ഗ്രാമപഞ്ചായത്ത് വികസന ഫണ്ടിൽ നിന്നാണ് പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്. ₹3,12,500 പിൻവലിച്ച് എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടറുടെ 719011400000003 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ടി തുകയിൽ നിന്നും 96912/- രൂപ ചെലവഴിച്ചതായി എസ് എൽ ബി പി വെറ്റിനറി സർജൻ അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും ബാക്കി ₹2,15,588 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-24 ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ - മാർഗ്ഗരേഖ പ്രകാരം നടപ്പിലാക്കേണ്ടതാണ്

ഐ സി ഡി എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം പദ്ധതി പ്രകാരം കെൽട്രോണിൽ നിന്നും 2 ലക്ഷം രൂപ ചെലവഴിച്ച 2 ഗുണഭോക്താക്കൾക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വാങ്ങിച്ച് നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഐ സി ഡി എസ് സൂപ്പർവൈസർ
പ്രോജക്ട് നമ്പർ / പേര്	108/23 ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം
അടങ്കൽ	₹200000 വികസന ഫണ്ട് - ജനറൽ
ചെലവ്	₹200000ബിൽനമ്പർ:35/23 /16-03-2023

സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി 28-05-2022 ഖണ്ഡിക 7.1.4(2) പ്രകാരം ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ പ്രോജക്ട് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും മാത്രം ഏറ്റെടുക്കേണ്ടതാണ്. കൂടാതെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ നം. ഡി എ 1/387/2022 ത.സ്വ.ഭ.വ തിയ്യതി 08-11-2022 സർക്കുലർ പ്രകാരവും ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ പോലുള്ള ചെലവ് കൂടിയ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതികൾ ത്രിതല പഞ്ചായത്തുകൾ വഴി നടപ്പിലാക്കുമ്പോൾ ജില്ലാപഞ്ചായത്ത് വഴി മാത്രം വാങ്ങേണ്ടതും, ഗ്രാമപഞ്ചായത്ത് വഴി മാത്രം വിതരണം ചെയ്യേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് 16-10-2023 ന നൽകിയ 31-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടി പ്രകാരം കണ്ണൂർ ജില്ലാ പഞ്ചായത്തു തൻ വർഷം ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല എന്നുള്ള ജില്ലാ പഞ്ചായത്തിന്റെ രേഖാമൂലമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുമ്പോൾ സർക്കാർ മാർഗ്ഗരേഖ പ്രകാരമുള്ള നിർദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-25 വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം - ദാരിദ്ര്യ ലഘൂകരണ പദ്ധതി നടപ്പിലായില്ല

ഓഡിറ്റ് വർഷം ചെറുകിട തൊഴിൽ മേഖലകളിൽ പദ്ധതികളാവിഷ്കരിച്ചെങ്കിലും നടപ്പാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	വി ഇ ഒ .വിളമന
പ്രൊജക്ട്& നമ്പർ	വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം (വികസന ഫണ്ട് ജനറൽ)238/23
അടങ്കൽ	400000

ഗ്രാമപഞ്ചായത്തിലെ പാവപ്പെട്ട ജനവിഭാഗങ്ങളുടെ ദാരിദ്ര്യലഘൂകരണം ലക്ഷ്യമാക്കി ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, കുടുംബശ്രീ സംഘടനാ സംവിധാനം എന്നിവയുടെ കൂട്ടായ പ്രവർത്തനത്തിലൂടെ നടപ്പാക്കാമായിരുന്ന ഇത്തരം പദ്ധതികൾ മേൽ സംവിധാനങ്ങളുടെ ജാഗ്രതക്കുറവ് കാരണം നടപ്പാക്കാൻ

സാധിച്ചില്ലഎന്ന് മനസ്സിലാകുന്നു. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 (1)-ാം ഉപവകുപ്പ് 3-ാം പട്ടിക സി പ്രകാരം ദരിദ്രരെ കണ്ടത്തി, പാവപ്പെട്ടവർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് സ്വയം തൊഴിലും ഗ്രൂപ്പ് എംപ്ലോയ്മെന്റ് പദ്ധതികളും നടപ്പാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപ്പെടുന്നതാണ്. ഓഡിറ്റ് വർഷം ചെറുകിട വ്യവസായവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്ന് വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം പദ്ധതി നടപ്പാക്കാതെ പോയതിന്റെ കാരണം ആവശ്യപ്പെട്ട് 17-10-2023 ന നൽകിയ 45 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി പ്രകാരം ഗുണഭോക്താക്കളെ യഥാസമയം കണ്ടെത്തുവാൻ കഴിയാതെ വന്നതിനാലാണ് പദ്ധതി നടപ്പിലാക്കുവാൻ സാധിക്കാതെ പോയത് എന്നാണ അറിയിച്ചത്. ഗുണഭോക്താക്കളെ യഥാസമയം കണ്ടെത്തുവാനും ദാരിദ്ര്യ ലഘൂകരണ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുവാനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്

1-26 ലൈഫ് ഭവന നിർമ്മാണ പദ്ധതി- 2020-21ൽ കരാർ വച്ച വീടുകൾ പൂർത്തീകരിച്ചില്ല

ലൈഫ് ഭവന പദ്ധതി (മൂന്നാം ഘട്ടം) പ്രകാരം 2020-21 സാമ്പത്തിക വർഷം ഭവനനിർമ്മാണത്തിനായി നിർവ്വഹണോദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമായി കരാറിൽ ഏർപ്പെട്ട ചുവടെ ചേർത്തിട്ടുള്ള ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ക്രമ നം	ഗുണഭോക്താവിന്റെ പേര് ശ്രീ /ശ്രീമതി	ആദ്യഗഡു അനുവദിച്ച തീയതി
1	ജസീല.ടി.മാടത്തിൽ	30-12-2022
2	അനില.കെ.പി. പെരുമ്പറമ്പ	14-02-2023
3	സന്തോഷ്.എം. സി മേൽപ്പുറം	03-02-2023
4	പ്രദീപൻ വയൽപ്പാടത്ത്	03-02-2023
5	അമൃത.വി.സി പുതിയപുരയിൽ	03-02-2023
6	വസുമതി. വി. വി .വള്ളിയോട്	15-03-2023

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പുരോഗതി വിലയിരുത്തി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി പ്രോജക്ട് ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതുമാണ്.

1-27 കുടുംബശ്രീ ഹെൽപ്പ് ഡെസ്ക് ജനസേവന കേന്ദ്രം -വൈദ്യുതി ലൈനിലെ തകരാർ പരിഹരിക്കാത്തതിനാൽ പ്രവർത്തനക്ഷമമായില്ല - ചെലവ് തുക 168323 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി
പ്രോജക്ട് പേര്&നമ്പർ	കുടുംബശ്രീ ഹെൽപ്പ് ഡെസ്ക് (213/23)
അടങ്കൽ	3,00,000- വികസന ഫണ്ട്- (ജനറൽ)
ചെലവ്	1,68,323
ബിൽ നം &തീയതി	407/ 28/3/2023-1,48,693 469/31/3/2023- 19,630 ---------- 168323

തദ്ദേശ സ്വയം ഭരണ ഓഫീസിന്റെ സേവന ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിന്, ഓഫീസിൽ വരുന്ന പൗരൻമാർക്ക് എളുപ്പത്തിൽ അപേക്ഷ സമർപ്പിക്കാനും അതുവഴി സേവനം വേഗത്തിൽ നൽകുക എന്നതാണ് ഹെൽപ്പ് ഡെസ്ക്ക് കൊണ്ട് ഉദ്ദേശിക്കുന്നത്. കുടുംബശ്രീ സംരംഭകരാണ് ഇത് ഏറ്റെടുത്ത്ചെയ്യുന്നത്. പഞ്ചായത്ത് ഓഫീസിന് മുൻവശത്തുള്ള കെട്ടിടത്തിലാണ് ജനസേവനകേന്ദ്രം & കഫേ തുടങ്ങാൻ ഉദ്ദേശിച്ചത്.

കേന്ദ്രം ആരംഭിക്കുന്നതിനായി ജെമ്മിൽ നിന്നും ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ, ഫോട്ടോകോപ്പിയർ എന്നിവയ്ക്കായി ₹1,48,693യും കെട്ടിടത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾക്കായി 19,630യും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ജനസേവന കേന്ദ്രം പ്രവർത്തിച്ചുതുടങ്ങിയിട്ടില്ല. ജനസേവന കേന്ദ്രത്തിന്റെ തുടർ നടത്തിപ്പ്, പ്രവർത്തനക്ഷമമാകാത്തിന്റെ കാരണം എന്നിവ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (36/17.10.2023) പ്രസ്തുത കെട്ടിടത്തിലെ വൈദ്യുതി ലൈനിലെ തകരാർ പരിഹരിക്കാത്തതിനാൽ പ്രവർത്തനക്ഷമമായിട്ടില്ല എന്നും തുടർനടത്തിപ്പ്, പ്രവർത്തന ചെലവ് കണ്ടെത്തുന്നതിനുള്ള മാർഗ്ഗം എന്നിവ ഭരണ സമിതി ഇതേവരെ കണ്ടെത്തിയിട്ടില്ല എന്നും, അടുത്ത ഭരണസമിതിയിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണെന്നുമാണ് മറുപടി നൽകിയത്. ഉപകരണങ്ങൾ ഓഫീസിൽ സൂക്ഷിച്ചിരിക്കയാണ്. സ്ഥാപനം തുറന്ന് പ്രവർത്തിക്കുന്നതിന് വേണ്ടി നിശ്ചിത പ്രവൃത്തിസമയം ചെലവഴിക്കാൻ സ്വമേധയാ തയ്യാറുള്ള കുടുംബശ്രീ അംഗത്തെ കണ്ടെത്തി പരിശീലനം നൽകി 6/23 മാസം തന്നെ പ്രവർത്തനം തുടങ്ങുന്നതിന് സിഡി എസ് തീരുമാനിച്ചിട്ടുണ്ട്. ജനസേവന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ, തുടർ നടത്തിപ്പ് എന്നിവ തീരുമാനിക്കാതെ, ഉപകരണങ്ങൾ ദീർഘവീക്ഷണമില്ലാതെ നേരത്തേ വാങ്ങിവെച്ചതിനാൽ ഗ്യാരണ്ടി, വാറന്റി കാലയളവ് നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. ചെലവ് തുക 168323 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കാലതാമസം കൂടാതെ കേന്ദ്രം പ്രവർത്തനക്ഷമമാക്കി പദ്ധതി ഉദ്ദേശ്യ ലക്ഷ്യം പൂർത്തീകരിച്ച വിവരം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-28 അപ്രന്റിസ് ട്രെയിനികൾക്ക് സ്റ്റൈപന്റ് - 17403 രൂപ രൂപ തിരികെ ലഭ്യമാക്കേണ്ടതാണ്.

കേന്ദ്രസർക്കാറിന്റെ അപ്രന്റിസ് പ്രമോഷൻ സ്കീം രാജ്യത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി അപ്രന്റിസ് ട്രെയിനിംഗ് കൂടുതൽ ശക്തിപ്പെടുത്തുന്നതിന് എല്ലാ അപ്രന്റിസ് ട്രെയിനികൾക്കും 2016 ഒക്ടോബർ മുതൽ സ്റ്റൈപന്റിന്റെ 25% പരമാവധി ₹1500 കേന്ദ്ര സർക്കാർ നല്കുമെന്ന് വ്യവസായ പരിശീലന വകുപ്പിന്റെ 26-09-2016 ലെ എഫ്-1/21777/ 2016 നമ്പർ കത്ത്, വ്യവസായ പരിശീലന വകുപ്പ് ആർ.ഐ സെന്റർ കണ്ണൂർ അസിസ്റ്റന്റ് അപ്രന്റിസ്ഷിപ്പ് അഡ്വൈസറുടെ 07.10.2022ലെ RIC/KNR/83/2022-A3 നമ്പർ കത്ത് എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ട്. പായം ഗ്രാമ പഞ്ചായത്തിൽ ഇത്തരത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ അപ്രന്റിസ് ട്രെയിനിയായി നിയമിച്ച സുഹാസ് എം എന്ന വ്യക്തിക്ക് 2022-23 വർഷം താഴെ പറയും പ്രകാരം സ്റ്റൈപന്റ് നല്കിയിട്ടുണ്ട്.

ക്രമ നമ്പർ	വൗച്ചർ നമ്പർ, തീയതി	അനുവദിച്ച തുക
1	22200025, 13-04-2022	3613
2	22200105, 6-5-2022	7000
3	22200211, 13-6-2022	7000
4	22200368, 4-7-2022	7000
5	22200469, 4-8-2022	7000
6	22200606, 12-9-2022	7000
7	22200744, 6-10-2022	7000
8	22200847, 8-11-2022	7000
9	22200995, 6-12-2022	7000
10	22201140, 11-1-2023	7000
11	22201272, 8-2-23	7000
12	22201391, 31-3-2023	7000

	ആകെ	80613

സുഹാസ് എന്നവർക്ക് സ്റ്റൈപന്റ് നല്കിയ ഇനത്തിൽ 2022-23 വർഷം ഗ്രാമപഞ്ചായത്ത് ആകെ 80613 രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം തിരികെ ലഭിക്കാനുള്ള തുകയുടെ വിവരങ്ങളും (മുൻവർഷങ്ങളിൽ തിരികെ ലഭിക്കാനുള്ള തുക അടക്കം) തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുന്നതിനായി 11-10-2023 ന് നൽകിയ 2-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, 14-3-2022 മുതൽ 31-3-2022 വരെ 3613 രൂപയും 1-4-2022 മുതൽ 28-2-2023 വരെ പ്രതിമാസം 7000 രൂപയും ചേർത്ത് (11 X 7000) ആകെ 80613 രൂപ സ്റ്റൈപ്പന്റ് നൽകിയിട്ടുണ്ടെന്നും ഈയിനത്തിൽ യഥാക്രമം 903രൂപ, 16500 രൂപ ചേർത്ത് ആകെ 17403 രൂപ ലഭിക്കാനുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (സുഹാസ് എം 13-3-2023 ന് അപ്രന്റിസ്ഷിപ്പിൽ നിന്നും വിടുതൽ ചെയ്തിട്ടുണ്ട്. 1-3-2023 മുതൽ 13-3-2023 വരെ 2935 രൂപ സ്റ്റൈപ്പന്റ് നൽകിയതിൽ നിന്നും 597 രൂപ 2023-24 വർഷം ലഭിക്കാനുണ്ട്). ഓഡിറ്റ് കാലയളവിൽ അനുവദിച്ച സ്റ്റൈപ്പന്റ് തുകയുടെ റീഇംപേഴ്സ്മെന്റ് തുകയായ 17403 രൂപ തിരികെ ലഭിക്കുന്നതിനായി 18-1-2023, 19-9-2023 തീയതികളിൽ അസിസ്റ്റന്റ് അപ്രന്റിസ്ഷിപ്പ് അഡ്വൈസർക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും തുക തിരികെ ലഭിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. തുക തിരികെ ലഭ്യമാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമായ വിവരം അറിയിക്കേണ്ടതുമാണ്.

1-29 ഐ കെ എം വിഹിതം നൽകൽ- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല – 76660 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഐ കെ എം പഞ്ചായത്തുകൾക്ക് നൽകി വരുന്ന സേവനങ്ങൾക്ക് പഞ്ചായത്ത് വിഹിതമായി നൽകേണ്ടുന്ന തുക നൽകുന്നതിനായി തയ്യാറാക്കിയ പ്രോജക്ടിൽ ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് താഴെപ്പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ, പേര്	138/23, ഐ കെ എം വിഹിതം നൽകൽ
അടങ്കൽ	₹80000 വികസന ഫണ്ട് ജനറൽ
ചെലവ് ബിൽ നമ്പർ, തീയതി	₹76660 22220652008500552038, 18-9-2022

തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഇതിനോടകം ലഭ്യമായിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി 11-10-2023 ന് 4-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിന് വിനിയോഗ സാക്ഷ്യപത്രം ഐ കെ എം ഡയറക്ടറിൽ നിന്നും വാങ്ങി അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കുമെന്നാണ് മറുപടി നൽകിയിട്ടുള്ളത്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 76660 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-30 എസ്.എസ്.എ വിഹിതം നൽകൽ -ഗ്രാമപഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നില്ല. ₹10,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ / പേര്	140/23 എസ്.എസ്.എ വിഹിതം നൽകൽ
അടങ്കൽ	₹1000000വികസന ഫണ്ട് – ജനറൽ
ചെലവ്	₹1000000 ബിൽ നമ്പർ : 22220652008500552029/19-9-2022

മുകളിൽ കൊടുത്ത പ്രകാരം എസ്.എസ്.എ. ക്ക് കൈമാറിയ ₹10,00,000 യുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. GO(MS) 84/2022/LSGD Dt 19.04.2022പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 8.6.3 പ്രകാരം എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ഖണ്ഡിക 8.6.4 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ/പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ് എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ് എസ്.കെ. ഉറപ്പാക്കണം. പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയോ, വർക്കിംഗ് ഗ്രൂപ്പോ പദ്ധതി നിർവ്വഹണത്തിൽ ഇടപെടലുകൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിലെ സ്കൂൾ പ്രധാന അധ്യാപകരിൽ നിന്നും, 2022-23 വർഷത്തിൽ പഞ്ചായത്തിലെ പൊതുവിദ്യാലയങ്ങളിൽ SSA നിർമ്മിച്ച ശുചിമുറികൾ, പഠന മുറികൾ, ഡിജിറ്റൽ പഠന മുറികൾ, മറ്റ് നിർമ്മാണ പ്രവൃത്തികൾ, വിദ്യാലയങ്ങൾക്ക് ലഭിച്ച ഉപകരണങ്ങൾ, SSK നടത്തിയ അക്കാദമിക്ക് / നിർമ്മാണ/പരിശീലന പ്രവർത്തനങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നമ്പർ 7/11.10.23 നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. എസ്.എസ്.കെ പ്രോജക്ടുകൾ തയ്യാറാക്കുന്നതിലും നടപ്പാക്കുന്നതിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്കാളിത്തം ഉറപ്പു വരുത്തേണ്ടതാണ്. മാർഗ്ഗരേഖാ നിർദ്ദേശം പാലിക്കാത്തതിനാൽ 10,00,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. SSA പ്രോജക്ട് ഓഫീസറിൽനിന്നും വിനിയോഗ സാക്ഷ്യപത്രവും SSA മുഖാന്തിരം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദ വിവരവും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-31 എ ബി സി പദ്ധതി - ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറൽ- ₹1,00,000 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - 1,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

കണ്ണൂർ ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടിക്ക് പഞ്ചായത്ത് വിഹിതം നൽകുന്നതിനായി തയ്യാറാക്കിയ പദ്ധതിയിൽ ₹1,00,000 ജില്ലാ പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ പട്ടികയിൽ കൊടുക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ, പേര്	231/23, എ ബി സി പദ്ധതി
അടങ്കൽ	₹100000 വികസന ഫണ്ട് ജനറൽ
ചെലവ്, ബിൽ നമ്പർ/തീയതി	₹1,00,000, 22220652008501500099/27-3-2023

തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് 18/12-10-2023 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിന് ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുമെന്നാണ് മറുപടി നൽകിയിട്ടുള്ളത്. രേഖകളുടെ അഭാവത്തിൽ ₹1,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-32 സ്മാർട്ട് ഐ-ഫേസ് 1- വിനിയോഗവിവരം ലഭ്യമാക്കിയില്ല -1,77,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിലെ പൊതു സ്ഥലങ്ങളിൽ സി സി ടി വി ക്യാമറ സ്ഥാപിക്കുന്നതിനായി ജില്ലാ പഞ്ചായത്തിന് തുക കൈമാറുന്നതിന് നടപ്പിലാക്കിയ പദ്ധതിയാണിത്. 2022-23 വർഷം പദ്ധതിയുടെ ഒന്നാംഘട്ടമായി പൂർത്തീകരിക്കേണ്ട പ്രവൃത്തിയുടെ പ്രവർത്തന ചെലവായാണ് തുക ജില്ലാപഞ്ചായത്തിന് അനുവദിച്ചിട്ടുള്ളത്. ജില്ലാ കലക്ടറുടെ 13.01.23 ലെ 444/2022-23/ഡി പി സി/ഡി പി ഒ/കെ എൻ ആർ കത്തിലെ നിർദ്ദേശപ്രകാരം തദ്ദേശ സ്ഥാപന ഓഫീസ് കേന്ദ്രീകരിച്ച് അടിസ്ഥാന ഇന്റർ കണക്ടിവിറ്റി സൗകര്യങ്ങളും ഒരു 4 MP നെറ്റ് വർക്ക് ക്യാമറയും 300 VA ഓപ്റ്റിമൈസറും അടങ്ങുന്ന സംവിധാനങ്ങൾ ഒരുക്കുന്നതിന് താഴെ പറയും പ്രകാരം കണ്ണൂർ ജില്ല പഞ്ചായത്തിന് തുക നൽകിയിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ, പേര്	241/23, സ്മാർട്ട് ഐ-ഫേസ് 1
അടങ്കൽ	₹177000 ധനകാര്യ കമ്മീഷൻ അവാർഡ്
ചെലവ്, വൗച്ചർ നമ്പർ/തീയ്യതി	₹177000, 22201318/17-2-23

പ്രവൃത്തിയുടെ നിലവിലെ പുരോഗതി വിവരം, തുകയുടെ വിനിയോഗ വിവരം, ഇതുവരെയുള്ള പ്രവൃത്തി മോണിറ്റർ ചെയ്തതിന്റെ റിപ്പോർട്ട് എന്നിവ ഹാജരാക്കുന്നതിന് 19/12-10-2023 നമ്പറായി ഓഡിറ്റ് അന്വേഷണം നൽകിയതിന് ഇന്റർനെറ്റ് കണക്റ്റിവിറ്റി സൗകര്യങ്ങളോടുകൂടിയ നെറ്റ്വർക്ക് ക്യാമറ സ്ഥാപിക്കുകയും മോണിറ്റർ സെക്രട്ടറിയുടെ ക്യാബിനിൽ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടെന്നും തുക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗ വിവരത്തിന്റെ അഭാവത്തിൽ ₹177000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രവും അനുബന്ധ രേഖകളും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-33 എം സി എഫിൽ ബെയ്ലിംഗ് മെഷീൻ വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ -565000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ, പേര്	233/23, എം സി എഫിൽ ബെയ്ലിംഗ് മെഷീൻ വാങ്ങൽ
അടങ്കൽ	₹600000 ധനകാര്യ കമ്മീഷൻ അവാർഡ്
ചെലവ്, ബിൽ നമ്പർ, തീയതി	₹565000, 22220652008501500099, 27-3-2023

എം സി എഫിൽ ഓട്ടോമാറ്റിക് ഇജക്ഷൻ സംവിധാനത്തോട് കൂടിയ ബെയിലിംഗ് മെഷീൻ GEM വഴി വാങ്ങി സ്ഥാപിച്ച് മാലിന്യ സംസ്കരണം ഊർജ്ജിതമായി നടപ്പിലാക്കുന്നതിനാണ് മേൽ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. ബെയിലിംഗ് മെഷീൻ വാങ്ങലുമായി ബന്ധപ്പെട്ട് GEM പോർട്ടലിൽ രജിസ്ട്രേഷൻ നടത്തിയതിന്റെയും GEM പോർട്ടലിൽ ലഭ്യമായ മെഷീനിന്റെ സ്പെസിഫിക്കേഷൻ ശുചിത്വ മിഷൻ നിശ്ചയിച്ച പ്രകാരമുള്ളതാണെന്ന് ഉറപ്പു വരുത്തിയതിന്റെയും രേഖകൾ ഫയലിൽ ലഭ്യമല്ല.

2. GEM വഴി വാങ്ങാനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളതെങ്കിലും ഇൻവോയ്സ് നമ്പർ KNR/22-23/392, തീയതി 25-03-2023 പ്രകാരം 565000 രൂപയ്ക്ക് സിഡ്കോയിൽ നിന്നാണ് ബെയിലിംഗ് മെഷീൻ വാങ്ങിയിട്ടുള്ളത്. സ.ഉ.(ആർ ടി) നമ്പർ 33/2021/എസ് പി ഡി, തീയതി 22-11-2021 പ്രകാരം സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങാൻ പറ്റുന്ന സാധനങ്ങൾ മര, സ്റ്റീൽ, ഹോസ്പിറ്റൽ ഫർണിച്ചറുകൾ മാത്രമാണ്. സ്റ്റോർ പർച്ചേസ് സംബന്ധിച്ച സ.ഉ.(ആർ ടി) നമ്പർ 3299/2016/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സർക്കാർ/അർദ്ധ സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും ടെണ്ടർ നടപടികൾ ഒഴിവാക്കി സാധന സാമഗ്രികൾ വാങ്ങുന്നതിന് നൽകിയിട്ടുള്ള സർക്കാർ അനുമതി, സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്ന സാധനങ്ങൾക്കു മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. അല്ലാത്തവ നിർബന്ധമായും പരസ്യ ടെണ്ടർ മുഖേന വാങ്ങേണ്ടതാണ്. ഈ വ്യവസ്ഥകൾ പാലിക്കാതെ ഗ്രാമ പഞ്ചായത്ത് ബെയിലിംഗ് മെഷീൻ വാങ്ങിയത്

വിശദീകരിക്കപ്പെട്ടിട്ടില്ല.

3. സിഡ്കോ എംപോറിയം കണ്ണൂർ, സക്സസ് പ്രോജക്ട്സ് മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും ബെയിലിംഗ് മെഷീൻ വാങ്ങുകയും ഇവർ തമ്മിൽ 25-03-2023 ന് കരാർ ഉടമ്പടി ഉണ്ടാക്കി ഫയലിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ഉടമ്പടി പ്രകാരം മെഷീൻ ലഭ്യമായ/ഇൻസ്റ്റാൾ ചെയ്ത തീയതി മുതൽ ഒരു വർഷത്തേക്ക് വാറന്റി വാഗ്ദാനം ചെയ്തിട്ടുണ്ട്. പ്രൊക്വയർമെന്റ് കമ്മിറ്റി മിനുട്സിലോ പഞ്ചായത്ത് കമ്മിറ്റിയിലോ മൂന്നാം കക്ഷിയെപ്പറ്റി ചർച്ച ചെയ്യുകയോ തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ല.

4. 20-2-2023 ന് ചേർന്ന പ്രൊക്വയർമെന്റ് കമ്മിറ്റിയിൽ, GEM ൽ അന്വേഷിച്ചപ്പോൾ വില കൂടുതലാണ് കാണുന്നതെന്നും GEM ൽ ലഭ്യമാകുന്നതിനേക്കാൾ കുറഞ്ഞ വിലയ്ക്ക് ബെയിലിംഗ് മെഷീൻ ലഭ്യമാക്കാൻ സിഡ്കോയ്ക്ക് സമ്മതമാണെന്ന് അറിയിച്ചതിനാൽ ആയത് പഞ്ചായത്ത് ഭരണസമിതിയോട് ശിപാർശ ചെയ്യുന്നതിനും തീരുമാനിച്ചു. ഇപ്രകാരം 29-3-2023 ന് നടന്ന ഭരണസമിതിയിൽ സിഡ്കോയിൽ നിന്ന് മെഷീൻ വാങ്ങുന്നതിന് നടപടി സ്വീകരിച്ചത് സാധൂകരിച്ച് തീരുമാനിച്ചിട്ടുണ്ട് (തീരുമാനം നമ്പർ 2/36/2023(1)). എന്നാൽ ഈ തീരുമാനങ്ങളെ സാധൂകരിക്കുന്നതിനായി GEM പോർട്ടലിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകളും പോർട്ടലിൽ ലഭ്യമായ ബെയിലിംഗ് മെഷീനിന്റെ സ്പെസിഫിക്കേഷൻ, വില എന്നിവ സംബന്ധിച്ചുള്ള റിപ്പോർട്ടുകളും ഫയലിൽ ലഭ്യമല്ല.

5. സിഡ്കോ ലഭ്യമാക്കിയ ബെയിലിംഗ് മെഷീനിന്റെ സ്പെസിഫിക്കേഷൻ സംബന്ധിച്ച സാങ്കേതിക പരിശോധന നടത്തി ശുചിത്വ മിഷനിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ബെയിലിംഗ് മെഷീൻ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് ശുചിത്വ മിഷനുമായി ബന്ധപ്പെട്ടപ്പോൾ മെഷീൻ പ്രവർത്തനക്ഷമമാക്കിയാലേ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ സാധിക്കുകയുള്ളൂ എന്നും പ്രവർത്തനക്ഷമമാക്കിയ ശേഷം അറിയിക്കുന്നതിന് നിർദ്ദേശിക്കുകയുമാണ് ചെയ്തിട്ടുള്ളത് എന്നാണ് അപാകങ്ങൾ പരിഹരിക്കുന്നതിനായി നൽകിയ 24/16-10-2023 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6. ബെയിലിംഗ് മെഷീൻ എം സി എഫിൽ സ്ഥാപിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും കമ്പനിയിൽ നിന്നുള്ള ഇൻസ്റ്റലേഷൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. മെഷീൻ പ്രവർത്തിപ്പിക്കുന്നതിന് ത്രീഫേസ് കണക്ഷൻ ലഭ്യമാക്കുന്നതിന് പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങുകയും ആയതിന് എസ്റ്റിമേറ്റും സാങ്കേതിക അനുമതിയും ലഭ്യമാക്കുന്നതിന് ജില്ലാ സാങ്കേതിക സമിതിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും സാങ്കേതിക അനുമതി ലഭ്യമായാലുടൻ ടെണ്ടർ ചെയ്ത് തുടർനടപടി സ്വീകരിക്കുമെന്നും സെക്രട്ടറി മറുപടിയിൽ അറിയിച്ചിട്ടുണ്ട്. കൃത്യമായ ആസൂത്രണമില്ലാതെയും ആവശ്യമായ മുന്നൊരുക്കങ്ങളില്ലാതെയുമാണ് വാങ്ങൽ നടത്തിയിട്ടുള്ളതെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

7. മെഷിനറിയുടെ വാറന്റി, ഇൻസ്റ്റലേഷൻ, പരിപാലനം, അറ്റകുറ്റപ്പണി എന്നിവയുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് സിഡ്കോയുമായി ഉണ്ടാക്കിയ കരാർ ഫയലിൽ ലഭ്യമല്ല.

8. പദ്ധതി നിർവ്വഹണം പൂർത്തിയാകാതെ തന്നെ, മോണിറ്ററിംഗ് കമ്മിറ്റി പൂർത്തീകരിച്ചു എന്ന് സാക്ഷ്യപ്പെടുത്തിയ റിപ്പോർട്ട് എൻക്വയറിക്കുള്ള മറുപടിയുടെ കൂടെ ലഭ്യമാക്കിയിട്ടുണ്ട്.
സ.ഉ.(കൈ)84122/തസ്വഭവ തിയതി 19.04.2022 ഖണ്ഡിക 14(3)-ൽ മോണിറ്ററിംഗ് കമ്മിറ്റി പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവ്വഹണ ഘട്ടത്തിൽ ഗുണമേന്മയോടെ നിർവ്വഹിക്കപ്പെട്ടിട്ടുണ്ടോ എന്ന് ഉപ്പുവരുത്തണമെന്ന് നിർദ്ദേശിച്ചത് ഒട്ടും പരിഗണിക്കാതെ പ്രവൃത്തി പൂർത്തീകരിച്ചു എന്ന് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് നൽകിയത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതി പ്രവർത്തനം കാര്യക്ഷമമായി നടന്നു എന്ന് ഉറപ്പുവരുത്തേണ്ട മോണിറ്ററിംഗ് കമ്മിറ്റി തികച്ചും ലാഘവത്വത്തോടെ റിപ്പോർട്ട് തയ്യാറാക്കിയതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.
ബെയിലിംഗ് മെഷീൻ വാങ്ങി നാളിതുവരെയായും പ്രവർത്തനക്ഷമമാക്കാത്തതിനാലും വാങ്ങൽ സംബന്ധിച്ച് മേല്പറഞ്ഞ അപാകങ്ങൾ നിലനില്ക്കുന്നതിനാലും 565000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകങ്ങൾ പരിഹരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-34 കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞവർക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല, 150000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി വള്ളിത്തോട്	

പ്രോജക്ട് നമ്പർ / പേര്	168/23 കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞവർക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം നൽകൽ
അടങ്കൽ	₹150000 വികസന ഫണ്ട് – ജനറൽ
ചെലവ്	₹150000ബിൽ നമ്പർ : 22220652008901357753, 15-3-2023

കോക്ലിയർ ഇംപ്ലാന്റേഷൻ ഉപകരണങ്ങളുടെ മെയിന്റനൻസിനായി അനാമിക മനോജ്, ആൻമരിയ തോമസ്, ജിഷ്ണു എ എം എന്നീ ഗുണഭോക്താക്കളുടെ അപേക്ഷ പരിഗണിച്ച് ₹150000 കേരള സാമൂഹ്യ സുരക്ഷാ മിഷന് നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ഗുണഭോക്താവിന് ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുന്ന രേഖകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് 40/17-10-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രവും ഗുണഭോക്താക്കളായ കുട്ടികളുടെ കേൾവിശക്തിക്കായുള്ള ഉപകരണങ്ങൾക്ക് കൃത്യമായ പരിപാലനം നടന്നു എന്ന് തെളിയിക്കുന്ന മോണിറ്ററിംഗ് സർട്ടിഫിക്കറ്റും ലഭ്യമാക്കാത്തതിനാൽ 150000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ പറഞ്ഞ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-35 എഫ് എച്ച് സി യിലേക്ക് മരുന്ന് വാങ്ങുന്നതിനുള്ള വിവിധ പ്രോജക്ടുകൾ - മരുന്ന് ലഭ്യമായില്ല – 271834 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

രോഗങ്ങൾ നിയന്ത്രിക്കുന്നതിനും ആതുരസേവനം മെച്ചപ്പെടുത്തുന്നതിനുമായി തയ്യാറാക്കിയ വിവിധ പ്രോജക്ടുകളിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലഭ്യമാക്കിയ പ്രഫോർമ ഇൻവോയ്സുകളുടെ അടിസ്ഥാനത്തിൽ അവരുടെ അക്കൗണ്ടിലേക്ക് താഴെപ്പറയുന്ന തുകകൾ മുൻകൂറായി ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ലഭിച്ച മരുന്നുകളുടെ ഇൻവോയ്സുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ബാക്കി മരുന്ന് ലഭിച്ചതിന്റെ അസ്സൽ ഇൻവോയ്സുകളും അവ സ്റ്റോക്കിലെടുത്തതിന്റെ രേഖകളും മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി വള്ളിത്തോട്.

പ്രോജക്ട് നമ്പർ, പേര്	ഒടുക്കിയ തുക, ബിൽ നമ്പർ/ തീയതി	മുൻകൂർ തുക നൽകിയ സ്ഥാപനം	പ്രഫോർമ ഇൻവോയ്സ് നമ്പർ, തീയതി	ലഭിച്ച മരുന്നിന്റെ വില	ബാക്കി തുക
20/23, എഫ് എച്ച് സി ക്ക് മരുന്ന് വാങ്ങൽ	550000, 22220652008900920492/16-12-2022	KMSCL	PRF 1994	440997	109003
”	524999, 22220652008901142305/6-2-2023	”	PRF 4143	394339	130660
70/23, സാന്ത്വന പരിചരണം 2022-23	149998, 22220652008901192644/15-2-2023	”	PRF 4290	140322	9676
83/23, പി എച്ച് സി ക്ക് മരുന്ന് വാങ്ങൽ	144000, 22220652008900809605/23-11-2022	”	PRF 924	121505	22,495

(സ്പിൽ ഓവർ)					
	ആകെ				271834

മേൽ പ്രൊജക്ടുകൾ പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ബാക്കിയുള്ള മരുന്നുകൾ ലഭ്യമാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് 41/17-10-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ലഭിക്കാൻ ബാക്കിയുള്ള മരുന്നിന്റെ വിലയായ 271834 (22495 + 9676 + 130660 + 109003) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മുഴുവൻ മരുന്നും ലഭിച്ച എന്നറപ്പുവരുത്തി അസ്സൽ ഇൻവോയ്സുകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-36 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല- ₹2,14,845 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ /പേര്	69/23 ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ ഹോമിയോ
അടങ്കൽ	₹3,00,000 (മെയിന്റനൻസ് ഫണ്ട് - റോഡിതരം)
ചെലവ്	₹3,00,000 (ബിൽ നമ്പർ : 77/16.09.2022)
പ്രൊഫോർമ ഇൻ വോയിസ് നമ്പർ	53/11.05.2023

മേൽ പ്രോജക്ട് പ്രകാരം ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ₹3,00,000 കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിലേക്ക് നൽകിയത് പ്രകാരം, ₹85,155 യുടെ മരുന്ന് ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ബാക്കിയുള്ള ₹2,14,845 യുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ സ്റ്റോക്കിലെടുത്ത വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/12.10.2023) ₹2,14,845 യുടെ മരുന്ന് ലഭിക്കാൻ ബാക്കിയുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടുണ്ട്. മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ലാത്തതിനാൽ ₹2,14,845 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കി അവ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-37 പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം - രേഖകൾ ലഭ്യമാക്കിയില്ല – 48982 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ
പ്രോജക്ട് നമ്പർ, പേര്	122/23, പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം
അടങ്കൽ	₹48982, വികസന ഫണ്ട്- എസ് സി പി
ചെലവ്, ബിൽ നമ്പർ/തീയതി	₹48982, 22220652014001484593/26-3-2023

പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം ചെയ്യുന്നതിനായി തയ്യാറാക്കിയ പ്രോജക്ടിൽ മേല്പറഞ്ഞ പ്രകാരം തുക പിൻവലിച്ച് സിഡ്കോയിൽ നിന്നും മേശയും കസേരയും വാങ്ങി പത്ത് ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. അനുശ്രീ പി പി, അനുനന്ദ എസ് പി എന്നീ ഗുണഭോക്താക്കളുടെ സ്കൂൾ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2. സിഡ്കോയിൽ നിന്നുള്ള ടാക്സ് ഇൻവോയ്സ്, ഫർണിച്ചർ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾ പരിഹരിക്കുന്നതിനായി നൽകിയ 26/16-10-2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 48982 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേല്പറഞ്ഞ അപാകങ്ങൾ പരിഹരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-38 പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം - രേഖകൾ ലഭ്യമാക്കിയില്ല- 50000 രൂപയുടെ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ
പ്രോജക്ട് നമ്പർ, പേര്	255/23, പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം (സ്പിൽ ഓവർ)
അടങ്കൽ	₹50000, വികസന ഫണ്ട്- ടി എസ് പി
ചെലവ്, ബിൽ നമ്പർ/തീയതി	₹50000, 22220652014001520949/28-3-2023

പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം ചെയ്യുന്നതിനായി തയ്യാറാക്കിയ സ്പിൽ ഓവർ പ്രോജക്ടിൽ മേല്പറഞ്ഞ പ്രകാരം തുക പിൻവലിച്ച് അസിം ഡിസൈനിംഗ് & ഇന്റീരിയേഴ്സ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് സാധ്യ ബിൽ ഒഴികെ മറ്റ് രേഖകൾ (പ്രോജക്ട് പകർപ്പ്, ഗുണഭോക്തൃലിസ്റ്റ്, വിദ്യാർത്ഥികൾ ഏത് ക്ലാസ്സിൽ പഠിക്കുന്നു എന്ന് തെളിയിക്കുന്ന സ്കൂൾ സാക്ഷ്യപത്രം, ക്വട്ടേഷൻ, ടാക്സ് ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ, വിതരണ സ്റ്റേറ്റ്മെന്റ്/കൈപ്പറ്റ് രശീതി, മോണിറ്ററിംഗ് റിപ്പോർട്ട്) പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിക്കുന്നതിനായി നൽകിയ 25/16-10-2023 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 50000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകങ്ങൾ പരിഹരിച്ച് മേൽ പറഞ്ഞ മുഴുവൻ രേഖകളും ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-39 ഗവ. എൽ പി സ്കൂൾ ഫർണിച്ചർ രേഖകൾ ലഭ്യമാക്കിയില്ല –70000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ
പ്രോജക്ട് നമ്പർ, പേര്	257/23, ഗവ. എൽ പി സ്കൂൾ ഫർണിച്ചർ (സ്പിൽ ഓവർ)
അടങ്കൽ	₹70000, മെയിന്റനൻസ് ഫണ്ട്- റോഡിതരം
ചെലവ്, ബിൽ നമ്പർ/തീയതി	₹70000, 373/26-3-2023

ഗവ. എൽ പി സ്കൂൾ ഫർണിച്ചർ (സ്പിൽ ഓവർ) എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട രേഖകളൊന്നും തന്നെ (പ്രോജക്ട് പകർപ്പ്, ക്വട്ടേഷൻ, ടാക്സ് ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ, കൈപ്പറ്റ് രശീതി, മോണിറ്ററിംഗ് റിപ്പോർട്ട്) പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിക്കുന്നതിന് 27/16-10-2023 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 70000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകങ്ങൾ പരിഹരിച്ച് മേൽപറഞ്ഞ മുഴുവൻ രേഖകളും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-40 രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം - രേഖകൾ ലഭ്യമാക്കിയില്ല - 49000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ
പ്രോജക്ട് നമ്പർ, പേര്	129/23, രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം
അടങ്കൽ	₹50000, തനത് ഫണ്ട്
ചെലവ്, ബിൽ നമ്പർ/തീയതി	₹49000, 372/26-3-2023

രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്യുന്നതിനായി തയ്യാറാക്കിയ പ്രോജക്ടിൽ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സിറ്റി സ്പോർട്സ് ഇരിട്ടി എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സിറ്റി സ്പോർട്സിൽ നിന്നും ബിൽ നമ്പർ 125/18-3-2023 പ്രകാരം 20 വീതം ഫുട്ബാൾ, ഷട്ടിൽ ബാറ്റ്, ക്രിക്കറ്റ് ബാറ്റ് എന്നിവയും 10 ഫുട്ബാൾ നെറ്റും വാങ്ങി പത്ത് ക്ലബ്ബുകൾക്ക് വിതരണം നടത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. അനശ്വര കലാ കായിക വേദി, ഇ എം എസ് ആർട്സ് & സ്പോർട്സ് ക്ലബ്ബ് പെരിങ്കരി, യുവചേതന ആർട്സ് & സ്പോർട്സ് ക്ലബ്ബ് പെരിങ്കരി, സ്റ്റാർ ആർട്സ് & സ്പോർട്സ് ക്ലബ്ബ് കരിവന്നൂർ എന്നിവ രജിസ്റ്റേഡ് ക്ലബ്ബുകളാണെന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2. സ.ഉ.(കൈ) നമ്പർ 115/2022/ത.സ്വ.ഭ.വ, തീയതി 28-5-2022 - പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 7.7.2(ii) ൽ രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് നൽകേണ്ട സ്പോർട്സ് ഉപകരണങ്ങളുടെ ഇനം യുവജന ക്ലബ്ബുകളുടെ ഏകോപനസമിതി നിശ്ചയിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം ഏകോപന സമിതി രൂപീകരിച്ചതിന്റെയും സ്പോർട്സ് ഉപകരണങ്ങളുടെ ഇനം നിശ്ചയിച്ചതിന്റെയും രേഖകൾ ലഭ്യമല്ല.

3. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല.

മേല്പറഞ്ഞ അപാകങ്ങൾ പരിഹരിക്കുന്നതിനായി നൽകിയ 29/16-10-2023 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 49000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മാർഗ്ഗരേഖ നിർദ്ദേശം പാലിച്ചതിന്റെ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-41 ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വാർഷികവരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

2010 ലെ കേരളപഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സാമിനറോ (നിലവിൽ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്) അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരോ പഞ്ചായത്ത് ഫണ്ടിന്റെ കാര്യത്തിലെന്നപോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസനഫണ്ട് വർഷത്തിലൊരിക്കലോ

ആവശ്യമെന്നുകണ്ടാൽ അതിനിടക്കോ ഓഡിറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് അതാത് സാമ്പത്തിക വർഷത്തെ കണക്കുകൾ നിശ്ചിത മാതൃകാ ഫാറങ്ങളിൽ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുണ്ട്. ഇപ്രകാരം ലഭ്യമാക്കുന്ന ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ ഓരോ സാമ്പത്തികവർഷത്തെയും വാർഷിക വരവു ചെലവ് കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട്. പായം ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വാർഷികവരവ് ചെലവ് കണക്കുകൾ തയ്യാറാക്കി അക്കൗണ്ടുകളുടെ വാർഷിക വരവ് ചെലവ് സ്റ്റേറ്റ്മെന്റ് നാളിതുവരെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആശുപത്രി മാനേജിംഗ് കമ്മറ്റി ആദ്യമായി രൂപീകരിച്ചതിന്റെയും ഏറ്റവും ഒടുവിൽ പുന:സംഘടിപ്പിച്ചതിന്റെയും വിശദാംശങ്ങൾ അറിയിക്കുന്നതിനും വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുന്നതിനുമായി 43/18-10-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വാർഷികവരവ് ചെലവ് കണക്കുകൾ തയ്യാറാക്കി അക്കൗണ്ടുകളുടെ വാർഷിക വരവ് ചെലവ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ലഭ്യമാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-42 ക്ഷേമ പെൻഷൻ അനുവദിച്ചതിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ മരണ രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷം ഈ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ളതും ക്ഷേമ പെൻഷൻ കൈപ്പറ്റിവന്നിരുന്നതുമായ ഏതാനും വ്യക്തികളുടെ വിവരങ്ങൾ സേവന വെബ്സൈറ്റിൽ പരിശോധിച്ചപ്പോൾ ചുവടെ ചേർത്ത ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ തുക അനുവദിച്ചിട്ടുണ്ട്.

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്, പെൻഷൻ ഐ ഡി	പെൻഷൻ ഇനം	മരണപ്പെട്ട തീയതി	റിമാർക്സ്
1	പി കെ സരോജിനി, എസ് എസ് കോട്ടേജ്, വട്ട്യറ, പായം. 2220232285	കർഷക പെൻഷൻ	12-08-2022	പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്. 2023 ജൂൺ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപി ച്ചിട്ടുണ്ട്.
2	കുഞ്ഞിരാമൻ, വയലേരി ഹൗസ്, പായം 2220232444	കർഷക പെൻഷൻ	29.10.2022	പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്. 2023 ജൂൺ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപി ച്ചിട്ടുണ്ട്.

ഇത് സംബന്ധിച്ച് 44/18.10.2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കൃഷി വകുപ്പ് മുഖേന വിതരണം ചെയ്യുന്ന പെൻഷൻ ആയതിനാൽ പരാമർശം ഒഴിവാക്കണമെന്നാണ് മറുപടി ലഭ്യമാക്കിയത് . കർഷക പെൻഷൻ ആയതിനാൽ മരണശേഷം അനുവദിക്കപ്പെട്ട തുകയുടെ കൃത്യത കൃഷി ഓഫീസിൽ നിന്ന് രേഖാമൂലം ഉറപ്പു വരുത്തി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ അക്കൗണ്ടിലേക്ക് തിരിച്ചടവാക്കാൻ കൃഷി ഓഫീസർക്ക് നിർദ്ദേശം നൽകാവുന്നതുമാണ്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും പായം ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് മരണശേഷം അനുവദിച്ച പെൻഷൻ തുക ബാങ്കിൽ നിന്നോ, അക്കൗണ്ടിലെ തുക അവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ തിരികെ ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. ധനകാര്യ (SFC Cell B) വകുപ്പിന്റെ 23.01.2020ലെ സർക്കുലർ 07/20ലെ നിർദ്ദേശങ്ങൾ ഇക്കാര്യത്തിൽ നടപ്പിൽ വരുത്തുന്നു എന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.

1-43 തനതുവരുമാന വർദ്ധനവ് - അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തണമെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്. പായം ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ ടാക്സ് ഓഡിറ്റിന്റെ അവലോകനം താഴെ കൊടുക്കുന്നു.

01-03-2022 മുതൽ 31-03-2023 വരെ പായം ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 20 യോഗങ്ങൾ ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ, വസ്തുനികുതി പിരിവ് പുരോഗതി അവലോകന യോഗങ്ങൾ ചേർന്നിട്ടുണ്ട്. എന്നാൽ മറ്റ് നികുതി/നികുതിയേതര വരവുകളുടെ ഡിമാന്റിംഗ്-പിരിവ് പുരോഗതി

അവലോകന യോഗങ്ങൾ ചേർന്നിട്ടില്ല.

I.വസ്തുനികുതി

വസ്തുനികുതി പരിഷ്കരണ മാർഗനിർദേശം പാലിച്ച് അടിസ്ഥാന നികുതി നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിന് എസ്.സി 2 5272/2023 തീയതി 24.08.2023 പ്രകാരം അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ അപ്ഡേഷൻ വന്നിട്ടില്ലാത്തതിനാൽ നിലവിൽ പുതിയ നിരക്കിൽ നികുതി ഈടാക്കി തുടങ്ങിയിട്ടില്ല. മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ കുടിശ്ശിക പിരിച്ചെടുക്കുവാൻ ബാക്കിയുണ്ട്. ടി കെട്ടിട ഉടമകളുടെ മേൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിനായി കേസ് ഫയൽ ചെയ്തിട്ടുണ്ട്.

II.അനധികൃതനിർമാണം

ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണവും വിപുലീകരണവും നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കി വരുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർനടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നൽകിയവരുടെ എണ്ണം 244 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃതനിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഫീൽഡ് പരിശോധന നടത്തി അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

III.സേവനഉപനികുതി

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. പായം ഗ്രാമപഞ്ചായത്ത് പരിധിയിൽ തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

IV.തൊഴിൽനികുതി

2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, ഗ്രാമപഞ്ചായത്തിൽ വിവിധ ആവശ്യങ്ങൾക്ക് ദിവസവേതനത്തിന് നിയമിച്ച ജീവനക്കാർ എന്നിവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള നിരവധി സ്ഥാപനങ്ങളിൽ നിന്നും, സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുവാൻ ബാക്കിയുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പ്രതീക്ഷിത വർഷം തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ ആൾക്കാരുടെ ഡാറ്റാബേസ് തയ്യാറാക്കുന്നതിലൂടെ പ്രൊഫഷണൽസ്, മരാമത്ത് കരാറുകാർ, മറ്റ് കച്ചവടസ്ഥാപനങ്ങളിലെ തൊഴിലാളികൾ എന്നിവരുടെ തൊഴിൽ നികുതി കൃത്യമായി ഈടാക്കാൻ സാധിക്കുന്നതാണ്.

V. FTE&OS ലൈസൻസ്

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള നിരവധി സ്ഥാപനങ്ങളിൽ നിന്നും ലൈസൻഫീസ് പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. സ്ഥാപനലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഈടാക്കുന്നതെങ്കിലും മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പുവരുത്തുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല .താരതമ്യേന ഉയർന്ന മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്. ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ

കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത വ്യക്തമായ രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. കൂടുതൽ തുക മുതൽമുടക്കുള്ള വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവ ഫീൽഡ് പരിശോധനയിൽ കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേൽപ്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്തം ബന്ധപ്പെട്ടവർ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്. നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നത് യഥാസമയം ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കാവുന്നതാണ്. സ.ഉ.(കൈ)84/22/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5-1-ൽ ഗ്രാമപഞ്ചായത്തിന്റെ വിഭവ സമാഹരണം വർദ്ധിപ്പിക്കുന്നതിന് നിരവധി നിർദ്ദേശങ്ങൾ പറഞ്ഞിട്ടുണ്ട്. ആയത് നടപ്പിൽ വരുത്തുന്നുണ്ടോ എന്ന കാര്യം ഭരണസമിതി നിരീക്ഷണ വിധേയമാക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷീക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2022-23	11.10.23, 12.10.2023	കെ.എസ്.എ/കെ.എൻ.ആർ/സി.10/ 1647/2023 തീയതി: 10.11.2023

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പ്രൊജക്ട് നമ്പർ/പേര്	ചെലവ്	നീക്കിയിരിപ്പ്
കണ്ണൂർ ജില്ലാ പഞ്ചായത്ത്	60570	82/23 സാന്ത്വന പരിചരണം 2021-22	60570	0
	194238	70/23 സാന്ത്വന പരിചരണം 2022-23	194238	0
	2910000	131/23 ലൈഫ് എസ് സി	2910000	0

	2660000	132/23 ലൈഫ് എസ് ടി	2660000	0
	280000	191/23 പാൽ സബ്സിഡി	280000	0
	160000	71/23 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്	160000	0
	100000	175/23 ഗോത്ര സാരഥി	100000	0
ആകെ	63,64,808		63,64,808	0
ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത്	3680000	132/23 ലൈഫ് എസ് ടി	3680000	0
	1000000	131/23 ലൈഫ് എസ് സി	1000000	0
	340000	104/23 ലൈഫ് ജനറൽ	340000	0
	480000	71/23 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്	480000	0
	500000	191/23 പാൽ സബ്സിഡി	500000	0
	200000	56/23 ആയിരക്കളം എസ് ടി കോള നി കുടിവെള്ള പദ്ധതി	200000	0
	300000	115/23 നെൽകൃഷിവികസനം പാടശേഖരം	300000	0
ആകെ	65,00,000		65,00,000	0

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ ₹33,40,047 വരവുണ്ട്. വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള വായ്പാ തുക വിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തിയ്യതി	വായ്പാ തുക ₹	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻ വർഷം ലഭിച്ച വായ്പാ തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക
					മുതൽ	പലിശ	
ഷോപ്പിംഗ് കോപ്ലക്സ് KURDFC	സ.ഉ (സാധാ) നം.882/2018 /ത.സ്വ.ഭ.വ/ 28-3-2018	24912323	16331291	3340047	3320340	1924133	*14426865

ലൈഫ് മിഷൻ ഭവന പദ്ധതി	സ.ഉ (എം.എസ്) നം.68/2018/ ത.സ്വ.ഭ.വ/ 18-5-2018	11060000	8618097	ഇല്ല	1335323		7282774

* രജിസ്റ്റർ പ്രകാരം 2019-20വർഷം 85,179 പലിശയിനത്തിൽ തിരിച്ചടച്ചിട്ടുണ്ട്. എന്നാൽ ഈ തുക മുൻറിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടില്ല. അതിനാൽ പലിശയിനത്തിൽ തിരിച്ചടച്ച ₹ 85,179 നിജസ്ഥിതി പരിശോധിച്ച് രജിസ്റ്റർ കുറ്റമറ്റതാക്കേണ്ടതാണ്

4-6 സ്ഥിരനിക്ഷേപങ്ങൾ

മുന്നിരിപ്പ്	5,000
തൻവർഷം നിക്ഷേപിച്ചത്	ഇല്ല
ആകെ	5,000
തൻവർഷം പിൻവലിച്ചത്	ഇല്ല
വർഷാവസാനം നീക്കിയിരിപ്പ്	5,000

ക്രമ നമ്പർ	നിക്ഷേപത്തിന്റെ വിവരം	തുക
1	കണ്ണൂർ കോ ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി ലിമിറ്റഡ് സർട്ടിഫിക്കറ്റ് നമ്പർ 24/23-6-2015	5,000

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹30,544 വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

റിപ്പോർട്ട് വർഷം	ഭാഗം/ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പേരും	രശീതി നമ്പർ&തിയ്യതി
22-23	Audit 17-18 Para 3-18(6)	2862	ശ്രീ.രാജേഷ് പി	1220100253 04/05/2022
22-23	Audit 17-18 Para 3-18(6)	2629	ശ്രീ.ജോസ് ജോസഫ്	1220101297 30/07/22
22-23	Audit 17-18 Para 3-18(6)	471	ശ്രീ.കെ ടി ദേവസ്യ	1220101672 26/08/22
22-23	Audit 2012-13 Para -2-2-1(1)	400	സെക്രട്ടറി	1220101679 27/08/22
22-23	Audit 2010-11 Para -3-6(2)	577	ശ്രീ.പ്രേമൻ പി കെ	1220101698 27/08/22
22-23	Audit 2017-18 Para 3-18(7)	429	ശ്രീ.എൻ എം സദാനന്ദൻ	1220101699 27/08/22
22-23	Audit 2010-11,2011-12 Para -3-6(1)	3600	ശ്രീ.സമീർ പി കെ	1220101726 29/08/22
22-23	Audit 2012-13 Para -3-3(2)	5599	ശ്രീ.സമീർ പി കെ	1220101727 29/08/22

22-23	Audit 2012-13 Para -3-3(2)	3797	ശ്രീ.സമീർ പി കെ	122010101728 29/08/22
22-23	Audit 2012-13 Para -3- (3)	2680	ശ്രീ.സമീർ പി കെ	12201010729 29/08/22
22-23	Audit 2018-19 Para -37	7500	ശ്രീ.എം.എം.ശശികുമാർ കരാറുകാരൻ	1220102674 25/10/22
	ആകെ	30544		

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-)o വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
-	-	1998	2-4-1	പൊതുമരാമത്ത് പണികൾക്കാവശ്യമായ സാമഗ്രികൾ അധിക വിലക്ക് ശേഖരിച്ചത് ₹20,615	നിലനിൽക്കുന്നു
1997-98-	ഖ-27	2001-02	5-13-1	പുറമ്പോക്കിൽ മുള,തേക്ക് വച്ചു പിടിപ്പിക്കൽ	നിലനിൽക്കുന്നു
2014-15	ഖ-1	2016-17	2-4	വസ്തു നികുതി	നിലനിൽക്കുന്നു
2014-15	2.1	2016-17	അനുബന്ധം-4	തൊഴിൽ നികുതി	നിലനിൽക്കുന്നു

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	5,53,51,165
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	5,05,69,073
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	29,41,644

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തടസ്സപ്പെടുത്തിയ തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-27	168323	ശ്രീ. സുഭാഷ് എം.ജി., അസി. സെക്രട്ടറി
1-29	76,660	ശ്രീ.തോമസ്.ടി.ഡി(സെക്രട്ടറി)
1-30	10,00,000	ശ്രീ.തോമസ്.ടി.ഡി(സെക്രട്ടറി)

1-31	1,00,000	ശ്രീ.വിനോദ്.പി.കെ (സെക്രട്ടറി)
1-32	1,77,000	ശ്രീ.വിനോദ്.പി.കെ (സെക്രട്ടറി)
1-33	5,65,000	ശ്രീ.വിനോദ്.പി.കെ (സെക്രട്ടറി)
1-34	1,50,000	ഡോ.ജെബിൻ അബ്രഹാം മെഡിക്കൽ ഓഫീസർ-അലോപ്പതി
1-35	271834	ഡോ.ജെബിൻ അബ്രഹാം മെഡിക്കൽ ഓഫീസർ-അലോപ്പതി
1-36	2,14,845	ഡോ.നിഷ.പി മെഡിക്കൽ ഓഫീസർ ഹോമിയോ
1-37	48,982	ശ്രീ.അബ്ദുള്ള.കെ.പി (ഹെഡ്മാസ്റ്റർ)
1-38	50,000	ശ്രീ.അബ്ദുള്ള.കെ.പി (ഹെഡ്മാസ്റ്റർ)
1-39	70,000	ശ്രീ.അബ്ദുള്ള.കെ.പി (ഹെഡ്മാസ്റ്റർ)
1-40	49,000	ശ്രീ.അബ്ദുള്ള.കെ.പി (ഹെഡ്മാസ്റ്റർ)
ആകെ	29,41,644	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേര്,തസ്തിക	ഔദ്യോഗിക വിലാസം	സ്ഥിരം വിലാസം
ശ്രീ.തോമസ്.ടി.ഡി (സെക്രട്ടറി)	സെക്രട്ടറി, പേരാവൂർ ബ്ലോക്ക് പഞ്ചായത്ത്	തടത്തിൽ ഹൗസ്,പൂളക്കുറ്റി (പി ഒ),ചിറ്റാരിപ്പറമ്പ് വഴി
ശ്രീ.വിനോദ്.പി.കെ (സെക്രട്ടറി)	സെക്രട്ടറി,കണിച്ചാർ ഗ്രാമ പഞ്ചായത്ത്	പുതിയ മഠം,കണിച്ചാർ(പി ഒ)
ഡോ.നിഷ.പി മെഡിക്കൽ ഓഫീസർ ഹോമിയോ	മെഡിക്കൽ ഓഫീസർ ഹോമിയോ,പായം ഗ്രാമ പഞ്ചായത്ത്	പാലാ ഹൗസ്,പൂക്കോട് (പി ഒ)
ഡോ.ജെബിൻ അബ്രഹാം മെഡിക്കൽ ഓഫീസർ-അലോപ്പതി	മെഡിക്കൽ ഓഫീസർ-അലോപ്പതി സി എച്ച് സി -തില്ലങ്കേരി	കരിമ്പനക്കൽ ഹൗസ്,വട്ട്യാം തോട്(പി ഒ)
ശ്രീ.അബ്ദുള്ള.കെ.പി (ഹെഡ്മാസ്റ്റർ)	റിട്ടയർ ചെയ്ത	കണ്ണിപ്പൊയിൽ ഹൗസ്,ആറളം (പി ഒ)
ശ്രീ. സുഭാഷ് എം.ജി., അസി. സെക്രട്ടറി	അസി. സെക്രട്ടറി, പായം ഗ്രാമപഞ്ചായത്ത്.	--

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1996-97	കെ.എസ്.എ/കെ.എൻ.ആർ/സി10/1287/2022 തീ. 20.09.2022	1
1998-99	കെ.എസ്.എ/കെ.എൻ.ആർ/സി10/1287/2022 തീ. 20.09.2022	1
1999-2000	കെ.എസ്.എ/കെ.എൻ.ആർ/സി10/1287/2022 തീ. 20.09.2022	3
2000-01 (പ്ലാൻ)	കെ.എസ്.എ/കെ.എൻ.ആർ/സി10/1287/2022 തീ. 20.09.2022	2
2002-03	കെ.എസ്.എ/കെ.എൻ.ആർ/സി10/1287/2022 തീ. 20.09.2022	3
2005-06	കെ.എസ്.എ/കെ.എൻ.ആർ/സി10/1287/2022 തീ. 20.09.2022	1
2006-07	കെ.എസ്.എ/കെ.എൻ.ആർ/സി10/1287/2022 തീ. 20.09.2022	1
2007-08	കെ.എസ്.എ/കെ.എൻ.ആർ/സി10/1287/2022 തീ. 20.09.2022	1
2009-10	കെ.എസ്.എ/കെ.എൻ.ആർ/സി10/1287/2022 തീ. 20.09.2022	3
2010-11, 2011-12	കെ.എസ്.എ/കെ.എൻ.ആർ/സി10/1287/2022 തീ. 20.09.2022	4
2012-13	കെ.എസ്.എ/കെ.എൻ.ആർ/സി10/1287/2022 തീ. 20.09.2022	5
2013-14 2014-15	കെ.എസ്.എ/കെ.എൻ.ആർ/സി10/1287/2022 തീ. 20.09.2022	3
2016-17	കെ.എസ്.എ/കെ.എൻ.ആർ/സി10/1287/2022 തീ. 20.09.2022	6
2017-18	കെ.എസ്.എ/കെ.എൻ.ആർ/സി10/1287/2022 തീ. 20.09.2022	9
2018-19	കെ.എസ്.എ/കെ.എൻ.ആർ/സി10/1287/2022 തീ. 20.09.2022	15
2019-20	കെ.എസ്.എ/കെ.എൻ.ആർ/സി.10/169/2022 തീയതി 12.04.2022	18
2020-21	കെ.എസ്.എ/കെ.എൻ.ആർ/സി.10/170/2022 തീയതി 12.04.2022	21
2021-22	കെ.എസ്.എ/കെ.എൻ.ആർ/സി.10/1471/2022 തീയതി 17.01.2023	24

ഡെപ്യൂട്ടി ഡയറക്ടർ

കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure 1

Audit Certificate

i. I have audited the attached Financial statements approved vide resolution number 72/2023 dated 11-07-2023 and submitted on 12-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Payam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Payam Grama Panchayat for the year 2022-2023

Date: 10/11/2023

Deputy Director
District Office Kannur
Kerala State Audit Department

Audit Report appended to the Audit Certificate of Payam Grama Panchayat for the Year 2022-2023.

1.Major Observations

NIL

2.Other Observations

1-1-1 The following mandatory financial statements prescribed in 2011 Kerala Panchayath Raj accounting rules are not submitted for audit.

a) Basic Ratios Rule 62F
b) Notes on account âÂÂÂÂÂ Rule 62E
c) Annual closing stock balance Rule 58 B1 schedule

1-1-2 The total cash flow for the year in the cash flow statement does not match the amount shown in the statement as

difference between the opening balance and closing balance

1-1-3 Asset register has not been updated

1-1-4 Register is not maintained in a manner that validates the amounts in the annual accounts.

1-1-5 Amounts in annual accounts and demand registers do not match in respect of property tax, profession tax (traders), Building permit

1-1-6 Grant amounts remaining to be spent do not match the bank account balances in which these are deposited
1) TSC 2)CFC 3) Health grand 4) Distress Relief Fund

1-1-7 Amounts against assets created have not been transferred to the capital contribution head.

1-1-8 Uncashed cheque older than three months are not included in stale cheque head

1-1-9 The documents related to the calculation of asset value and depreciation have not been produced.

1-1-10 The Grant Register corresponding to the amount shown in schedule B4 has not been maintained with complete details.
1-1-11 The Balance Sheet Schedule uploaded in A I M S Software is not reflecting the actual amount in the Institution

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ പായം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം 3

ധനകാര്യ പത്രികകൾ

1. RECEIPT & PAYMENT STATEMENT

Payam Grama Panchayat RECEIPT & PAYMENT STATEMENT For the period from 01-April-2022 to 31-March-2023			
Code.No	Description of Items	Schedule No	Amount
	RECEIPTS		
	Opening Balance		
Bank	Bank	RP-40(a)	25548859.00
Cash	Cash	RP-40(a)	97723.00
	Operating		
110000000	Tax Revenue	RP-1	1517960.00
140000000	Fees & User Charges	RP-4	1431853.00
150000000	Sale & Hire Charges	RP-5	37030.00
160000000	Revenue Grants, Funds, Contributions & Compensations	RP-7	14114000.00
171000000	Interest Earned	RP-9	527488.00
190000000	Prior Period Income	RP-11	25332.00
210000000	Establishment Expenses	RP-12	94.00
290000000	Transfer to Reserve Funds / Prior Period Item(ILGMS)	RP-25	6497.00
311000000	Earmarked Funds	RP-28	1500.00
320000000	Grants, Funds & Contributions for Specific Purposes	RP-30	14948521.00
431000000	Sundry Debtors (Receivables)	RP-45	8235288.00
460000000	Loans, Advances and Deposits	RP-49	52000.00
	Non Operating		
180000000	Other Income	RP-10	3025.00
330000000	Secured Loans	RP-31	12040047.00
340000000	Deposits Received	RP-33	1607978.00
350000000	Other Liabilities	RP-35	802552.00
	Grand total		80997747.00
	PAYMENTS		
	Operating		
220000000	Administrative Expenses	RP-13	59914.00
240000000	Interest & Finance Charges	RP-15	21.00
320000000	Grants, Funds & Contributions for Specific Purposes	RP-30	0.0
431000000	Sundry Debtors (Receivables)	RP-45	3130522.00
460000000	Loans, Advances and Deposits	RP-49	547789.00
	Non Operating		
330000000	Secured Loans	RP-31	1237872.00
340000000	Deposits Received	RP-33	55391.00
350000000	Other Liabilities	RP-35	45537564.00
	Closing Balance		
Bank	Bank	RP-40(b)	30374595.00

Cash	Cash	RP-40(b)	54079.00
	Grand Total		80997747.00

2. INCOME & EXPENDITURE STATEMEN T

Payam Grama Panchayat INCOME & EXPENDITURE STATEMENT For the period from 01-April-2022 to 31-March-2023			
Code.No	Description of Items	Schedule No	Amount
	INCOME		
110000000	Tax Revenue	I-1	8547134.00
120000000	Assigned Revenues, Shared Taxes and Compensations (BLOCKED)	I-2	0.0
130000000	Rental Income from Panchayat / Municipal Properties	I-3	180924.00
140000000	Fee & User Charges	I-4	1848129.00
150000000	Sale & Hire Charges	I-5	70540.00
160000000	Revenue Grants, Funds, Contributions & Compensations / Subsidies	I-6	173305070.00
170000000	Income from Investments	I-7	0.0
171000000	Interest Earned	I-8	527488.00
180000000	Other Income	I-9	3025.00
190000000	Prior Period Income	I-19	35102.00
	Total Income		184482310.00
	EXPENDITURE		
210000000	Establishment Expenses	I-10	13519529.00
220000000	Administrative Expenses	I-11	2088810.00
230000000	Operations & Maintenance	I-12	1691041.00
240000000	Interest & Finance Charges	I-13	10725.00
250000000	Decentralised Plan Programme-Productive Sector / Programme Expenses	I-14	7020103.00
251000000	Decentralised Plan Programme-Service Sector	I-14(A)	42833991.00
252000000	Decentralised Plan Programme-Infrastructure Sector	I-14(B)	1797090.00
253000000	Decentralised Plan Programme-Projects not included in Sector Division	I-14(C)	43165554.00
254000000	Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme)	I-14(D)	48170860.00
255000000	Maintenance Projects	I-14(E)	0.0
256000000	Other Revenue Grants and Funds - Revenue Expenses	I-14(F)	1186631.00
260000000	Grants, Contributions & Compensation from Own Fund / Subsidies	I-15	0.0
270000000	Provisions and Write off	I-16	7592.00
271000000	Miscellaneous Expenses on Disposal of Assets and Investments	I-17	0.0

272000000	Depreciation	I-17(A)	17839409.00
	Total Expenditure		179331335.00
	Gross Surplus / Deficit of income over Expenditure		5150975.00
	Gross Surplus / Deficit of income over Expenditure		5185095.00
290000000	Transfer to Reserve Funds/Prior Period Item(ILGMS)	I-18	982.00
	Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)		34120.00

3. BALANCE SHEET

Payam Grama Panchayat BALANCE SHEET as on 31-March-2023			
Code.No	Description of Items	Schedule No	Amount
	LIABILITIES		
	Reserve & Surplus		
310000000	Panchayat / Municipal Fund	B-1	14574949.00
311000000	Earmarked Funds - Special Funds/Sinking Fund/Trust or Agency Fund	B-2	55697.00
312000000	Reserves	B-3	105983386.00
	Total Reserve & Surplus		120614032.00
	Grants, Contributions for Specific Purposes		
320000000	Grants, Funds & Contribution for Specific Purposes	B-4	22635887.00
	Total Grants, Contributions for Specific Purposes		22635887.00
	Loans		
330000000	Secured Loans	B-5	34399255.00
331000000	Unsecured Loans	B-6	0.0
	Total Loans		34399255.00
	Current Liabilities & Provisions		
340000000	Deposits Received	B-7	2986368.00
341000000	Deposits Works	B-8	0.0
350000000	Other Liabilities	B-9	4148119.00
360000000	Provisions	B-10	0.0
	Total Current Liabilities and Provisions		7134487.00
	TOTAL LIABILITIES		184783661.00
	ASSETS		
	Fixed Assets		
410000000	Fixed Assets	B-11	3861026.00
412000000	Capital Work in Progress	B-11(b)	7426452.00
413000000	Annual Plan - Capital Expences (Productive Sector)	B11-(c)	1120727.00
414000000	Annual Plan - Capital Expences (Service Sector)	B11-(d)	52954089.00
415000000	Annual Plan - Capital Expences (Infrastructure Sector)	B11-(e)	162007788.00
416000000	Accumulated Depreciation	B-11(a)	-81659063.00

	Total Fixed Assets		145711019.00
	Investments		
420000000	Investments-General Fund	B-12	5000.00
421000000	Investments - Other Funds / Sundry Debtors	B-13	0.0
	Total Investments		5000.00
	Current Assets, Loans and Advances		
430000000	Stock-in-hand	B-14	0.0
431000000	Sundry Debtors (Receivables)	B-15	4520483.00
432000000	Accumulated Provisions Against Debtors (Receivables)	B-15(a)	0.0
440000000	Pre-paid Expenses	B-16	0.0
450000000	Cash and Bank Balance	B-17	30428674.00
460000000	Loans, Advances and Deposits	B-18	4118485.00
461000000	Accumulated Provisions against Loans,Advances and Deposits	B-18(a)	0.0
	Total Current Assets, Loans and Advances		39067642.00
	Other Assets		
470000000	Other Assets	B-19	0.0
	Total Other Assets		0.0
	Miscellaneous Expenditure (To the Extent not written off)		
480000000	Miscellaneous Expenditure to be written off	B-20	0.0
	Total Miscellaneous Expenditure (To the Extent not written off)		0.0
	TOTAL ASSETS		184783661.00

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ